O32:1N141:1 E9 HIMAVANTE PUTHRI

MATHEW

O32:1N141:11
H9

032: 1N/41:11 H9
Himavante Puthri
Mathew
358
286
MUL
165358

**Madras University L**

Call Number

Accession Number

Avai!able for loan fı

This book should be
the date last ma

O 61

O. 61

# ഹിമവാന്റെ പുത്രി

UNIVERSITY LIBRARY
- 7 APR 1956
MADRAS

ഗ്രന്ഥകർത്താ:

ടി. പി. മാത്യു; ബി. എ; ബി. എൽ.

വൈലത്തൂർ.

1125

[ഒന്നാംപതിപ്പ്: കോപ്പി 1000]

വില ഒരുറുപ്പിക.

പ്രസാധകന്മാർ:

മംഗളോദയം ലിമിററഡ്.

പകർപ്പവകാശം ഗ്രന്ഥകർത്താവിന്നു്.

032 : 1N141:1
H9

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം
വ്യാജനിർമ്മിതമാണ്.

മംഗളോദയം പ്രസ്സ്,
തൃശ്ശിവപേരൂർ.

Dedicated with
respect and admiration
to the poet in
Pandit Jawaharlal Nehru.

UNIVERSITY LIBRARY
- 7 APR 1956
MADRAS



ടി. പി. മാത്യു

# അവതാരിക

‘മംഗളോദയ’ത്തിന്റെ പത്രാധിപസമിതിയിലെ ഒരംഗമെന്ന മാന്യത ഞാൻ വെച്ചുകൊണ്ടിരുന്ന കാലത്താണു് ഈ ഭാവാത്മകകാവ്യസമാഹാരത്തിന്റെ കർത്താവായ ശ്രീ. ടി. പി. മാത്യുവിന്റെ ഒന്നുരണ്ടു കവിത എനിക്കു കാണുവാൻ ഒന്നാമത്തു് അവസരം ലഭിച്ചതു്. അന്നു് ഇദ്ദേഹം എനിക്കു സുപരിചിതനായിരുന്നില്ല. എങ്കിലും പ്രകൃതിയേയും മനുഷ്യനേയും സ്നേഹിക്കുകയും സഹോദരയാതനകളിൽ സഹാനുഭൂതി പ്രദർശിപ്പിക്കയും ചെയ്യുന്ന ചിന്താപരനായ ഒരു ഭാവഗായകനെ എനിക്കു് അചിരേണ പരിചയപ്പെടുത്തിത്തരാമെന്നു് ആ കവിതകൾ അന്നുതന്നെ വാഗ്ദാനം ചെയ്കയുണ്ടായി. ‘ഹിമവാന്റെ പുത്രി’ അതു നിറവേററിയിരിക്കുന്നു എന്നു ഞാൻ സന്തോഷപൂർവ്വം പ്രസ്താവിച്ചുകൊള്ളട്ടെ.

ആംഗലമഹാകവിയായ വേഡ്സ്വർത്തിനോടു് അന്യാദൃശമായ ആദരമുള്ള ഒരു കവിയാണു് ശ്രീ. മാത്യുവെന്നു് ഈ സമാഹാരത്തിൽക്കൂടി കണ്ണോടിക്കുന്ന സഹൃദയനു പെട്ടെന്നു ബോദ്ധ്യമാകും. പ്രകൃതിവിലാസങ്ങളോടും ഗ്രാമീണജീവിതങ്ങളോടുമുള്ള അതിതാല്പര്യ്യവും, അവയിലൂടെ സുന്ദരസത്യങ്ങളെ സമീപിക്കുന്നതിലുള്ള ഔത്സുക്യം—രണ്ടും ആ സാഹിത്യഗുരുവിന്റെ സ്വാധീനശക്തി പ്രകടമാക്കുന്നുണ്ടു്. ആ ഭാവസാരള്യവും ഭാവനാസാന്ദ്രതയും, ആ ഭാഷാലാളിത്യവും പ്രതിപാദനലാഘവവും ഏതനുകർത്താവിന്നും അനായാസേന ലഭിക്കാവുന്ന അനുഗ്രഹങ്ങളല്ല; അവയാൽ അനുപ്രാണിതമാകുമ്പോൾ മാത്രമേ ജീവിതസത്യപ്രകാശനത്തിന്നു കലാപരമായ ചൈതന്യവും ലാവണ്യവും സമഗ്രമാവുകയുള്ളു. ശ്രീ: മാത്യുവിന്നു് ഈ തത്വം അറിയാം. ഈ വിഷയത്തിൽ പ്രഥമകവിതാസമാഹാര-

ത്തിൽത്തന്നെ പൂൎണ്ണവിജയം പ്രതീക്ഷിക്കാവുന്നതല്ലല്ലോ. ആദൎശത്തിന്റെ മഹിമയും ഭാവനയുടെ പുതുമയും വികാരങ്ങളുടെ കുളിൎമ്മയും 'ഹിമവാന്റെ പുത്രി' എന്ന ഈ കാവ്യസമാഹാരത്തിൽ പല സന്ദൎഭങ്ങളിലും കൈകോൎത്തുനില്ക്കുന്നുണ്ട്. ആനന്ദദായകമായ ഒരു ദൎശനമാണതു്.

മാനസികാനുഭവങ്ങളുടെ സ്വതന്ത്രമായ ആവിഷ്കരണം കലയും, തജ്ജന്യമായ ആത്മനിൎവൃതി അതിന്റെ ഫലവും എന്നു വിശ്വസിക്കുന്ന ഈ യുവസുഹൃത്തു രാഷ്ട്രമോ സമുദായമോ ജീവിതാവശ്യമോ കവിയുടെ ഭാവനയ്ക്കു കടിഞ്ഞാണിടുന്നതു സഹിക്കയില്ല. നല്ലതാണ് ഈ സിദ്ധാന്തം. പക്ഷേ, ഏതു കലാകാരനും പരിതഃസ്ഥിതിയുടെ പിടിയിൽനിന്നു പൂൎണ്ണമുക്തി ലഭിക്കുന്നില്ല. ഏതു ശക്തിയുള്ള കലാകാരന്റേയും മനഃ പരിതഃസ്ഥിതിയുടെ ബാഹ്യബന്ധത്തെ സഹിക്കയുമില്ല. തൽഫലമായ മാനസികവ്യാപാരമാണ് കലയാകുന്നതും, അതിന്നു് ആനന്ദാത്മകവും സാമുദായികവുമായ മൂല്യം നല്കുന്നതും.

"വാനനീലിമയിങ്കൽ മാഞ്ഞുപോം മലകളും
വാർമഴവില്ലാം വാനിൻ ഗോപുരകമാനവും
പാലൊളിപ്പുഞ്ചിരിക്കൊട്ടായ് പാഞ്ഞിടും മേഘങ്ങളും,
ഫേലമെഴും വെള്ളിത്തോണി നീങ്ങിടും വിൺപൊയ്കയും,
കാനനാന്തരഗാനലോലനിൎഝരങ്ങളും,
സൂനസുന്ദരാന്തരലീനഷൾപ്പദങ്ങളും,
കണ്ടുകണ്ടേകാന്തത്തിലാനന്ദഗാനം പാടി-
ക്കൊണ്ടലമലയുമ്പോളുണ്ടെനിക്കുള്ളിൽ ശാന്തി."

ഈ മോഹനസ്വപ്നത്തിൽ ലയിച്ചു പ്രകൃതിയുടെ മടിയിൽ സുഖമനുഭവിക്കുവാൻ ആത്മാൎത്ഥമായി മോഹിക്കുന്ന ഈ കവിയെ ഉറക്കമെന്നോ ഉണൎച്ചയെന്നോ നിശ്ചയിക്കാവതല്ലാത്ത നിലയിൽ വളരെ നേരം കഴിഞ്ഞുകൂടുവാൻ ഇന്നത്തെ ലോകം

അനുവദിക്കുമെന്നോ അനുവദിച്ചിട്ടുണ്ടെന്നോ തോന്നുന്നില്ല. പ്രകൃതി മനുഷ്യനെ ഭരിച്ചിരിക്കുന്ന ഘട്ടത്തിൽനിന്നു മനുഷ്യൻ പ്രകൃതിയെ ഭരിക്കയും അവന്റെ വൈരുദ്ധ്യപൂർണ്ണമായ ജീവിതം തന്റെ സാമ്രാജ്യങ്ങളോടുകൂടി മുമ്പിലേയ്ക്കു കയറിവന്നു നില്ക്കുകയും ചെയ്യുന്ന ചരിത്രകാലത്തിലേയ്ക്കാണല്ലോ നാം നീങ്ങിക്കൊണ്ടിരിക്കുന്നതു്. ശാന്തിയും സൌന്ദര്യവും സുഖവും മോഹിക്കുന്ന ഒരു യുവകവിക്കു പ്രേമഭാജനമായ പ്രകൃതിയോടു ചേർന്നു് ഇന്നൊളിച്ചോടിപ്പോവാൻ സാധിക്കയില്ല. കരുണവും ദാരുണവും മോഹനവുമായ ജീവിതനാടകം നടക്കുമ്പോൾ രംഗവിധാനവൈചിത്ര്യങ്ങളിൽ നയനങ്ങളെ വിഹരിപ്പിച്ചുകൊണ്ടിരിക്കാൻ ഏതു ഹൃദയത്തിന്നാണു് കഴിയുക. മനുഷ്യജീവിതത്തിന്റെ സൌന്ദര്യത്തെ വികസിപ്പിക്കുക, വൈരൂപ്യങ്ങളെ സഹിക്കാതെ അവയെ പരിഹരിപ്പാൻ പ്രേരണ നൽകുക—കവിയുടെ സർഗ്ഗാത്മകവ്യാപാരമതാണു്. ശ്രീ: മാത്യുവിന്റെ മോഹമെന്തായാലും സഹജമായ മാനുഷികസ്നേഹവും സഹാനുഭൂതിയുംകൊണ്ടു് അദ്ദേഹത്തിന്റെ ഹൃദയം ജീവിതത്തിന്റെ നേരെ തിരിയുകയും അനൈക്യത്തിന്റേയും അശാന്തിയുടേയും വൈരൂപ്യത്തിന്റേയും നിദാനങ്ങളെ അന്വേഷിക്കുകയും ചെയ്യുന്നുണ്ടു്. അങ്ങനെയുള്ളൊരു കവിക്കു പ്രകൃതിപ്രേമം ഒരനുഗ്രഹമായിട്ടേ തീരുകയുള്ളു; കലാപരമായ വിജയത്തിന്നു സഹായമായേ വരികയുള്ളു.

ഒന്നുരണ്ടു കവിതകളുടെ സ്വഭാവംമാത്രം ഈ ചെറിയ ആമുഖത്തിൽ അപഗ്രഥിച്ചുനോക്കാവുന്നതാണു്. ഭാരതീയജീവിതത്തിന്റെ സൌന്ദര്യത്തെ വ്രണിതമാക്കിക്കൊണ്ടിരിക്കുന്ന മതഭ്രാന്തും ജാതിഭ്രാന്തും ദാരിദ്ര്യാദികളും പൌരാണികകഥകളിലെ രാക്ഷസന്മാരേക്കാളും അസുരന്മാരേക്കാളും ദാരുണത കലർന്നവയാണു്. 'വൈപരീത്യം' എന്ന പ്രഥമപദ്യംതന്നെ ആ യാഥാർത്ഥ്യത്തെ വ്യഞ്ജിപ്പിക്കുന്നു. ഓണക്കാലത്തു പ്രപൌത്രു

നുവേണ്ടി പൂനുള്ളുന്ന മുത്തശ്ശിയുടെ ദയനീയകഥ ആരുടെ കണ്ണിമകളേയും ജലാർദ്രങ്ങളാക്കേണ്ടതല്ലേ? മാപ്പിളലഹളയും കാവടിക്കേസ്സും വിഷൂചികയും ഏകാന്തമൂകവും ദീനദർശനവുമാക്കിത്തീർത്ത കുടുംബത്തിൽ ഓണക്കാലത്തു പൂവിടാൻ കൊതിക്കുന്ന ഒരു കുഞ്ഞിക്കൈ മാത്രമേ അവശേഷിച്ചിട്ടുള്ളു. ആ ഇളംപൈതലിന്റെ കരച്ചിൽ നിർത്തുവാൻ പൂത്തൊട്ടിയേന്തിയിരിക്കയാണു് മുത്തശ്ശി. എന്തു വൈപരീത്യം! ആ വൃദ്ധയുടെ ബാഷ്പധാര മതഭ്രാന്തന്മാർക്കും ജാതിഭ്രാന്തന്മാർക്കും വെളിവുണ്ടാക്കിയെങ്കിൽ!

കേരളത്തിലെ ജാതിമതസഹിഷ്ണുതയെ, തൽഫലമായ സ്വാഭാവികൈക്യത്തെ—കുറിക്കുന്ന ഒരു 'സിംബൽ' വർണ്ണ്യവിഷയമാക്കിക്കൊണ്ടാണു് ഗീതമാരംഭിക്കുന്നതു്. ഹൈന്ദവക്ഷേത്രത്തിൽനിന്നു മംഗലശംഖനാദവും ക്രൈസ്തവദേവാലയത്തിൽനിന്നു മണിനാദവും 'മഹമ്മദപ്പള്ളിയി'ൽനിന്നു 'വാങ്കുവിളിയും' ഉയർന്നു പ്രഭാതാന്തരിക്ഷത്തിൽ ആത്മനിർവൃതികരമായ ഒരു ലയം പ്രാപിച്ചിരിക്കുന്നു. വിഭിന്നമതങ്ങളുടേയും സംസ്കാരങ്ങളുടേയും വിലയനം കേരളീയജീവിതത്തെ എങ്ങനെ സുന്ദരവും ശാന്തവുമാക്കിയിരിക്കുന്നു. അവയെ അസുന്ദരവും കലുഷവും ആക്കിയ ചില സംഭവങ്ങളേയും അവയുടെ ദയനീയഫലങ്ങളേയും ഭാവനാഗോചരമാക്കി ആ വൃദ്ധമനുഷ്യാത്മാവിനെ വിതുമ്പിക്കുന്നു. സംസ്കാരസമ്പന്നവും ആദർശാത്മകവുമായ ഒരു ഉദാരപ്രതിഭയുടെ സന്താനമാകുന്നു ഈ സങ്കല്പം. ജീവിതം ശാന്തിയുടേയും ധാർമ്മികലാവണ്യത്തിന്റേയും കിരണമേററു വികസിക്കുന്നതു കാണുവാൻ വെമ്പൽകൊള്ളുന്ന ഒരു കവിയെ ഈ കാവ്യസമാഹാരത്തിൽ, ഇങ്ങനെ പല സന്ദർഭങ്ങളിലും കണ്ടുമുട്ടാം; സൗഹൃദപൂർവ്വം അഭിവാദനം ചെയ്യാം.

ദിവ്യതയും മൃഗീയതയും തമ്മിൽ സൃഷ്ട്യാരംഭംമുതല്ക്കുള്ള സംഘട്ടനവും, മൃഗീയത പിൻവാങ്ങിക്കൊണ്ടിരിക്കയാണെങ്കിലും

പ്രതിയോഗിക്ക് ഇടയ്ക്കിടെ നേരിടുന്ന പരാജയവും വീണ്ടും വീണ്ടും സ്വൎഗ്ഗപ്രകാശം ഭൂമിയിൽ പ്രസരിപ്പിക്കാൻ ദിവ്യൃത ചെയ്യുന്ന ഉദ്യമവും ഏതാനും വരികളിൽ കുറച്ചു വാക്കുകളെ കൊണ്ടു വ്യഞ്ജിപ്പിക്കുന്ന ഒരു ശോകാത്മകഗാനമാണ് 'ഇപ്പോഴും മടക്കി' എന്ന കവിത. മഹത്തായ ഒരു സങ്കല്പം ഭാവഭദ്രതയോടും ഒത്തിണങ്ങി ആ താരാട്ടിൽ നിറഞ്ഞു വഴിഞ്ഞു നില്ക്കുന്നു. ഗാന്ധിജിയുടെ ജീവിതാന്ത്യരംഗമാണ് ഈ ഭാവനയുടെ ഉറവിടം. സംസ്കാരചരിത്രത്തിന്റെ ആരംഭംമുതൽ പലപല ഘട്ടങ്ങളിലൂടെ നിമ്നോന്നതമായി ഭാവിയിലേക്കു നീണ്ടുപോകുന്ന പാതയിൽ അങ്ങിങ്ങു കാണപ്പെടുന്ന രക്തസാക്ഷികളുടെ സാത്വികശാന്തമായ ധീരമധുരരൂപവും ആ വീരത്യാഗികളുടെ രക്തപ്രവാഹത്താൽ കഴുകി ശുദ്ധമാക്കാൻ കഴിഞ്ഞിട്ടില്ലാത്ത ലോകത്തിന്റെ പ്രാകൃതഭാവവും മിന്നലിന്റെ വേഗത്തിൽ നമ്മുടെ മനോനേത്രത്തിനു പ്രത്യക്ഷമാക്കുന്നു, ഈ ലഘുഗാനം.

ശ്രീ: മാത്യുവിന്റെ ആദൎശപരതയും ചിന്താപ്രവണതയും കലാസുഭഗതയും വെളിപ്പെടുന്ന ഒന്നുരണ്ടു സന്ദൎഭമായിട്ടു മാത്രമേ ഞാൻ അനുവാചകന്മാരെ പരിചയപ്പെടുത്തുന്നുള്ളു. അവരുടെ ഭാവന രമണീയങ്ങളായ ഇതരസന്ദൎഭങ്ങളുമായി സ്വയം പരിചയപ്പെടാനാഗ്രഹിക്കുമെന്നും സമ്പന്നങ്ങളായ ചില നിമിഷങ്ങൾ അതിന്നു ലഭിക്കുമെന്നും എനിക്കു വിശ്വാസമുണ്ട്. സുഹൃൽക്കവിക്കു ഞാൻ ഉത്തരോത്തരം വിജയം പ്രാൎത്ഥിക്കുന്നു.

എറണാകുളം,
14-൪-'49.

ജി. ശങ്കരക്കുറുപ്പ്

**

മാടവനപറമ്പ്,
പറവൂർ.
25—7—'49.

Dear Mr. Mathew,

കാർഡു കിട്ടി.....................................നിങ്ങളുടെ കവിത ഒന്നുകൂടി വായിച്ചു........അഭിപ്രായം ചുവടെ ചേർക്കുന്നു:—

'ഹിമവാന്റെ പുത്രി' എന്ന കവിതാസമാഹാരം വായിച്ചുനോക്കി. വാസനാനുഗ്രഹീതനായ ഒരു കവിയുടെ ചിന്താത്മകഭാവഗീതങ്ങളാണ് ഇതിൽ അടങ്ങിയിട്ടുള്ളതെന്ന് എനിക്ക് അപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞു. ബൃഹത്പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ഹ്യൂമനിസ്റ്റ് ഉപപ്രസ്ഥാനത്തിൽ പെടുന്ന ഈ കൃതിയിലെ 'ഹിമവാന്റെ പുത്രി', 'അമ്മയും മകളും' എന്നീ 'സിംബോളിക്' കവിതകളും, 'വൈപരീത്യം', 'ചക്കരമാവ്' എന്നീ 'റിയലിസ്റ്റ്' കവിതകളുമാണ് എന്നെ പ്രത്യേകം ആകർഷിച്ചത്. 'ജാനുവിന്റെ സ്നാന'വും സ്മരണീയമായ ഒന്നാണ്. അക്ലിഷ്ടമായി സാധാരണ 'സിംബലുകൾ' പ്രയോഗിക്കുവാനുള്ള കെല്പു പ്രസ്തുത രണ്ടു 'സിംബോളിക്' കവിതകളിലും കാണാം. സാധാരണമനുഷ്യരുടെ ദൈനന്ദിനജീവിതസംഭവങ്ങളിൽനിന്ന് എങ്ങിനെ മനസ്സിൽ പതിയുന്ന കവിത നിർമ്മിക്കാമെന്നുള്ളത് ഈ ഗ്രന്ഥകാരനു നല്ലപോലെ അറിയാം. തിരഞ്ഞെടുപ്പിലും ധ്വനിയിലും ചിന്താത്മകഭാവഗീതങ്ങൾ രചിക്കുന്നവർ വിശേഷിച്ചു ശ്രദ്ധിക്കേണ്ടതാണെന്നുള്ള തത്വവും ശ്രീ. മാത്യുവിന്നു അറിയാമെന്നു 'ജാനുവിന്റെ സ്നാനം' പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്. ഇദ്ദേഹത്തിന്റെ സാഹിത്യജീവിതത്തിന്നു ഞാൻ വിജയം ആശംസിച്ചുകൊള്ളുന്നു.

എ. ബാലകൃഷ്ണപിള്ള (ഒപ്പ്)

മാന്യസുഹൃത്തേ,

ഹൃദയം തഴമ്പിപ്പിക്കുന്ന ഒരുദ്യോഗത്തിനിടയ്ക്കു ജീവിതത്തിന്റെ സുഖദുഃഖപ്പടപ്പുകളിലേയ്ക്കും പ്രകൃതിയുടെ നീലപ്പച്ചകളിലേയ്ക്കും സ്വന്തം അന്തരംഗപ്രവൎത്തനങ്ങളിലേയ്ക്കും ഉററുനോക്കി, ചിന്തകൾക്കു കവിതയുടെ ചിറകുകൾ കൊടുക്കുന്ന താങ്കൾ ആത്മാൎത്ഥമായ അഭിനന്ദനത്തെ അൎഹിക്കുന്നുണ്ടു്. പരുപരുത്ത ജീവിതവ്യാപാരങ്ങളിൽ 'മൂടിപ്പുതച്ചു' കിടക്കുമ്പോഴും.

"നിർവൃത്യങ്കുരോൽക്കരം, നിൎമ്മലവികാരങ്ങ-
ളുൎവ്വിയിലേന്തും മണിച്ചെപ്പിന്റെ താക്കോൽക്കൂട്ടം,
മാനസത്തിങ്കൽ ഭാവതന്ത്രികൾ മീട്ടീടുവാൻ
പാടവമെഴും പരിപേലവാംഗുലീജാലം."

(ആ മണിനാദം)

കേൾപ്പാനും പകൎത്തുവാനും താങ്കൾക്കു സാധിക്കുന്നതു് ഒരു മഹത്തായ അനുഗ്രഹമാണു്.

കലാകൌതുകശാലിയായ ഒരു ചിത്രകാരന്റെ ആദ്യചിത്രങ്ങൾ കാണുംപോലെ തോന്നി, എനിക്കു താങ്കളുടെ കവിതകൾ വായിക്കുമ്പോൾ. കാവ്യവിഭാവനം (Poetic conception) മിക്കവാറും എല്ലാത്തിലും ശരിയായിട്ടുണ്ടു്. അപൂൎവ്വം ചില ചിത്രങ്ങൾ (ഉദാ: 'അനക്ഷരഗീതം') ഉടനീളം അകൃത്രിമരമണീയമായ കലാസൃഷ്ടികളായി കാണപ്പെടുന്നു. എല്ലാ കവിതകളിലും ആംഗ്ലേയകവിയായ വേർഡ്സ്വത്തിന്റെ (Wordsworth) സ്വാധീനശക്തി ഫലഭൂയിഷ്ഠമായി കാണപ്പെടുന്നതു് എന്റെ ഒരു തോന്നൽ മാത്രമായിരിക്കുമോ!

കേരളീയകവികളിൽ പലരും മനുഷ്യഹൃദയങ്ങളിലേയ്ക്കു നോക്കാതെ മുഖങ്ങളിലേയ്ക്കുമാത്രം കണ്ണോടിച്ചു കടന്നുകളയുകയാണു് ഇപ്പോഴും; എന്നിരിക്കേ 'ചക്കരമാവു്', 'മതം മാററം',

'ആത്മവഞ്ചനയെല്ലാരുങ്ങുമോ?' എന്നീ കൃതികളിൽ മനുഷ്യസ്വഭാവചിത്രീകരണത്തിന്നു താങ്കൾ ശ്രമിച്ചിട്ടുള്ളതും പ്രശംസാർഹമാണു്.

'ഇപ്പോഴും മടക്കി' എന്ന കാവ്യശകലത്തിന്നുള്ള ശക്തിയും മുനയും ഈ സമാഹാരത്തിലുള്ള മററു കവിതകൾക്കുമുണ്ടായിരുന്നെങ്കിൽ! എന്നു ഞാൻ വിചാരിക്കുകയാണ്. ഇപ്പോഴത്തെ സ്ഥിതിക്കു് അവയിൽ പലതിന്നും അസംസ്കൃതലോഹക്കട്ടകളുടെ മട്ടുണ്ടു്. 'കവിക്കും കടിഞ്ഞാണോ?', 'നവ്യപ്രഭാതം' എന്നീ കൃതികൾ ശരിയായ വിശദീകരണവും സ്ഥിരീകരണവും പോരാത്തതിനാൽ ദുർബ്ബലമായും എനിക്കനുഭവപ്പെട്ടു.

ഈ അററകുററങ്ങൾ, പക്ഷേ താങ്കളുടെ കവിതയുടെ ആത്മാവിനെ സ്പർശിക്കുന്നതല്ല. പബ്ളിക് പ്രോസിക്യൂട്ടരാണെങ്കിലും ഒരു മിസ്റ്റിക്കിൻെറ വീക്ഷണഗതിയുള്ള താങ്കൾ ഇനിയും സാഹിത്യമാർഗ്ഗത്തിൽ പൂർവ്വാധികം പ്രവർത്തിച്ചു കാണുവാൻ ആഗ്രഹിച്ചുകൊണ്ടു സമാപിക്കുന്നു.

എറണാകുളം, 29—8—'49.

സ്വന്തം,
വൈലോപ്പിള്ളിൽ ശ്രീധരമേനോൻ

# പ്രസ്താവന

കലാസൃഷ്ടികളാണാദ്യമുണ്ടായതു്; കലാവിമർശനമല്ല: സുകുമാരകലകളിലൊന്നായ സാഹിത്യത്തെസ്സംബന്ധിച്ചും ഇതു വാസ്തവമായിരിക്കണമല്ലോ. സഹൃദയന്മാരെ ഒന്നുപോലെ ആഹ്ലാദിപ്പിച്ചുയർത്തുകയോ, ഭാവോത്തേജിതരാക്കി ഉജ്ജ്വലാദർശങ്ങളിലേക്കു കൺതുറപ്പിക്കയോ, ആവേശഭരിതരാക്കി ചിന്തിപ്പിച്ചിരുത്തുകയോ ചെയ്യുന്ന ചുരുക്കം ചില വിശേഷാത്തരകാവ്യങ്ങളുണ്ടല്ലോ. അവയെ ആസ്വാദിക്കുകയും പഠിക്കുകയും ചെയ്യുമ്പോൾ, അവയുടെ ഉൽക്കർഷത്തിന്നു നിദാനങ്ങളായും, അവകളിൽ സമാനങ്ങളായും, വിളങ്ങുന്ന ചില ധർമ്മങ്ങളേയോ ഘടകങ്ങളേയോ കണ്ടെത്തിയേക്കും. വിരസങ്ങളായ മററു കാവ്യങ്ങളിൽ ദർശിക്കാത്ത ഇത്തരം ഘടകങ്ങളോ ധർമ്മങ്ങളോ ആണു്, മുൻപറഞ്ഞവയെ ഒന്നാംകിടയിലെത്തിച്ചതെന്നു സാഹിത്യമീമാംസകന്മാർ തീരുമാനിക്കുകയായി. പിന്നെ അവർ ആ ധർമ്മങ്ങളേയും ഘടകങ്ങളേയും അപഗ്രഥിച്ചു ക്രോഡീകരിച്ചശേഷം, അവയിൽ ചിലതു് ഉത്തമകാവ്യങ്ങളുടെ ലക്ഷണങ്ങളായും മററുള്ളവ അത്തരം കൃതികൾ രചിക്കുന്നതിൽ അനുവർത്തിക്കേണ്ട മൌലികനിയമങ്ങളായും, പ്രഖ്യാപിക്കുന്നു.

ഈ നിയമങ്ങൾ പഠിച്ചും, ഉത്തമകാവ്യലക്ഷണങ്ങൾ അറിഞ്ഞും, കൃതികൾ രചിച്ചാൽ അവ ഉത്തമങ്ങളായി കൊള്ളുമോ? പറയുക വയ്യ. കാവ്യസങ്കേതങ്ങൾവെച്ചു നോക്കുമ്പോൾ ലക്ഷണയുക്തമായിട്ടുപോലും, വിരസവും ചൈതന്യരഹിതവുമായ കൃതികൾ നാം വായിക്കാറില്ലേ? ധാരാളം ഉണ്ടു്. അപ്പോൾ പിന്നെ പറയാനുള്ളതു്, ആസ്വാദ്യങ്ങളായ കാവ്യങ്ങൾ രചിക്കുന്നവർ അനുഗ്രഹീതസാഹിത്യകാരന്മാരായിരിക്കു

നമെന്നാണ്; അതായതു്, ഫലത്തിൽനിന്നു വൃക്ഷത്തെ നിൎണ്ണ യിക്കുകതന്നെ.

സുപ്രസിദ്ധന്മാരായ മിക്ക സാഹിത്യകാരന്മാരും കാവ്യ സ്വരൂപത്തെ ബോധപൂൎവ്വമായോ അല്ലാതെയോ നിൎവ്വചിച്ചി ട്ടുണ്ടു്. ആ നിൎവ്വചനങ്ങളെല്ലാം എടുത്തു പരിശോധിച്ചാൽ, ഒരു സംഗതി വ്യക്തമാകും. അതായതു്, ഓരോ സാഹിത്യകാ രനും കാവ്യധൎമ്മങ്ങളിൽ താൻ ഏററവും പ്രധാനമായി ഗണി ക്കുന്നതിനെ ഊന്നിക്കൊണ്ടായിരിക്കും കാവ്യസ്വരൂപകഥനം ചെയ്തിരിക്കുക. അപ്പോൾ സമഗ്രമായ ഒരു നിൎവ്വചനം ഇന്നു വരെ ഉണ്ടായിട്ടില്ലെന്നു പറയേണ്ടിവരും. എന്നാൽ ഏകഭാ ഗസ്പൎശിയായുണ്ടായ പല നിൎവ്വചനങ്ങളും ഒന്നിച്ചെടുത്തു പ രിശോധിച്ചാൽ താഴെ പറയുന്ന ഘടകങ്ങൾ ഉത്തമകാവ്യങ്ങൾ ക്കു് ഒഴിച്ചുകൂടാത്തവയാണെന്നു ബോദ്ധ്യപ്പെടും. 1. അനുഭൂ തിയിൽനിന്നു ജന്മമെടുക്കുന്ന ഉൽക്കടമായ വികാരം. 2. വി കാരപ്രേരിതമായി ഉയരുന്ന ഉജ്ജ്വലമായ ഭാവന. 3. അനി ശ്ചിതാകാരമായ ഭാവനയ്ക്കു് ഏററവും ആകൎഷകമായ മൂൎത്തി മത്ഭാവം കൊടുക്കാൻ കഴിവുണ്ടാക്കുന്ന പരിപക്വമായ കലാ കൌശലം.

ഇവയിൽ മൂന്നാമത്തേതുമാത്രമേ അഭ്യാസംകൊണ്ടു വള ൎത്തുവാൻ സാധിക്കുകയുള്ളു. മററവ രണ്ടും ജന്മസിദ്ധങ്ങളായി രിക്കണം. അതുകൊണ്ടുതന്നെയാണ് "The true poet is born, and not made" എന്നു പറയുന്നതു്. ഒഴിവുസമ യങ്ങളിൽ ചിലരുടെ വിനോദമയമായ മനസ്സുകൾ ചില സു കുമാരസ്വപ്നങ്ങൾ കാണുന്നു. മററു ചിലരുടെ ഭാവോത്തേജ കങ്ങളായ ഹൃദയങ്ങളിൽ, തീവ്രജീവിതാനുഭവങ്ങൾ ചെന്നു പ ററുമ്പോൾ, അവർ ആദൎശസ്വപ്നങ്ങൾ കാണുന്നു. ആ സ്വപ്ന ങ്ങൾക്കു രേഖാമൂലമായോ, വാങ്മയമായോ, രൂപം കൊടു ത്താലല്ലാതെ ഇങ്ങനെയുള്ളവൎക്കു് അടങ്ങിയിരിപ്പാൻ കഴിക

യില്ല. "A poet sings because he must." ദൃഷ്ടലോകത്തിൽ, അപൂർണ്ണരായ മനുഷ്യർ നിർമ്മിക്കുന്ന അശക്തങ്ങളും കൃത്രിമങ്ങളുമായ ഉപാധികളെ സ്വീകരിച്ച്, തങ്ങളുടെ അമൂർത്തങ്ങളായ സ്വപ്നങ്ങൾക്കോ അഥവാ ഭാവനകൾക്കോ നിയതാകാരം കൊടുക്കാൻ ശ്രമിക്കുന്ന ശ്രമത്തിൽ, അവർ ആനന്ദം കൊള്ളുന്നു. സ്വപ്നങ്ങളുടെ ഗാംഭീര്യം ഏകദേശം തുല്യമാണെങ്കിൽ, ആവിഷ്കരണോപാധികളുടെ മേൽ ഓരോരുത്തർക്കുമുള്ള സ്വാധീനത്തിൻെറ തോതനുസരിച്ചായിരിക്കും, അവരുടെ വിജയത്തിൻെറ തോതും നിർണ്ണയിക്കപ്പെടുക. ഒന്നു തീർച്ച; ആവിഷ്കരണോപാധികളുടെ മേൽ എത്ര സ്വാധീനമുണ്ടായാലും, മേൽപ്പറഞ്ഞതരത്തിലുള്ള ഒരു സ്വപ്നം കാണാൻ കഴിയാത്തവൻ കലാകാരനോ സാഹിത്യകാരനോ ആകയില്ല. "The conception must be poetic; and thet is the first and foremost step."

ആവിഷ്കരണത്തിൽ ഒരേ തോതിലുള്ള പാടവം പ്രദർശിപ്പിച്ചാൽപോലും, ഭാവനകളുടെ പ്രാഗത്ഭ്യം, വർണ്ണവൈവിധ്യം, രൂപവൈചിത്ര്യം, അഭൗമഗാംഭീര്യം എന്നിവകളുടേയും മററും തോതനുസരിച്ച്, സാഹിത്യകൃതികളുടെ ഉൽക്കർഷം മാറിക്കൊണ്ടിരിക്കും. വാസ്തവത്തിൽ സാഹിത്യകാരന്മാരുടെ കഴിവുകളിൽ വലിയ ഏററക്കുറച്ചിലുകൾ കണ്ടെത്തുന്നത്, സൃഷ്ടിപരമായ ഈ വശത്തെ നിരീക്ഷിക്കുമ്പോഴായിരിക്കും.

ഏതൊരു കലാസൃഷ്ടിക്കുമെന്നപോലെ, സാഹിത്യകൃതികൾക്കും മകുടമായ ഒരു മർമ്മസ്ഥാനമുണ്ട്. ഉദ്ദിഷ്ടസ്തോഭം അതിൻെറ പരകോടിയിൽ എത്തുന്നത് ആ മകുടം ചാർത്തിക്കുമ്പോഴാണ്. ആ ഭാവപാരമ്യത്തിലെത്തുന്നതോടുകൂടി കാവ്യാസ്വാദകന്മാർ രസമൂർച്ഛ അനുഭവിക്കുകയായി. കൃതികളിലെ ഏതു് ഉക്തിവൈചിത്ര്യവും, ആ ഭാവപാരമ്യത്തിന്നനുഗുണമായി ശോഭിക്കണം. ആ രസമൂർച്ഛയ്ക്കു വിച്ഛിത്തി വരുത്തിക്കൊ

ണ്ടു്, പ്രാദേശികമായി ഭംഗിപിടിപ്പിക്കാൻ എത്ര നല്ല അലങ്കാരങ്ങൾ പ്രയോഗിച്ചാലും കാൎയ്യമില്ല, കലാസൃഷ്ടി എന്ന നിലയ്ക്കുതിന്നുള്ള ഏകാഗ്രത നശിച്ചുപോകും. ആ പ്രാദേശികാലങ്കാരങ്ങളുടെ പേരിൽ, ആ കവിയെ അഭിനന്ദിക്കുന്നവൻ കാവ്യധൎമ്മമൎമ്മജ്ഞനല്ലതന്നെ. പറയത്തക്ക യാതൊരു ഉക്തിവൈചിത്ര്യവുംകൂടാതെതന്നെ രസസ്ഥിതിയിൽ കാവ്യങ്ങളെ എത്തിക്കാം; ഏകാഗ്രമായ ഭാവനയ്ക്കു കലാപരമായ ഭദ്രരൂപം കൊടുത്താൽ മതി. Selective talent എന്നു പറയുന്നതു പ്രതിഭയുടെ വലിയൊരംശമാണെന്നു് ഇതുകൊണ്ടു തെളിയും.

'കല കലയ്ക്കുവേണ്ടി' എന്ന പഴക്കമുള്ള അഭിപ്രായത്തെ ചോദ്യം ചെയ്യുന്ന കാലമാണല്ലോ ഇതു്. പൊള്ളുന്ന ജീവിതാനുഭവങ്ങളിൽനിന്നുയരുന്ന ആദൎശസ്വപ്നങ്ങൾക്കു രൂപം കൊടുത്തുണ്ടാക്കുന്ന കൃതികൾ, മനുഷ്യജീവിതത്തെ വേണ്ടവഴിക്കു നിയന്ത്രിക്കുവാൻ പ്രേരകമായേയ്ക്കാം. ചില സുന്ദരസ്വപ്നങ്ങൾക്കു കലാരൂപംകൊടുത്തുണ്ടാക്കുന്ന കാവ്യങ്ങൾ, ജീവിതയാതനകളെ വിസ്മരിപ്പിച്ചു്, അഭൌമമായ ആനന്ദം കൊടുക്കുക മാത്രമാണു് ചെയ്യുന്നതു്. ഈ രണ്ടുതരം കാവ്യങ്ങളും മനുഷ്യജീവിതത്തിൽ, ഒരുതരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ, സ്വാധീനം ചെലുത്തുന്നുവെന്നു സമ്മതിക്കാം. എന്നാൽ മുമ്പേക്കൂട്ടി ആലോചിച്ചുറച്ചു് ഒരു കാൎയ്യം സാധിപ്പിക്കാൻവേണ്ടി, കൃതികൾ രചിക്കാമോ? ഉറങ്ങാൻ കിടക്കുമ്പോൾ ഇന്നിന്നതരത്തിലുള്ള സ്വപ്നം കാണേണമെന്നാഗ്രഹിച്ചാൽ, അത്തരം നിശ്ചിതസ്വപ്നങ്ങൾ കാണുകയെന്നതു സ്വാഭാവികമാണോ? അങ്ങനെ ആലോചിച്ചു കിടക്കാറില്ല; കിടന്നാൽപ്പോലും കാണുമെന്നു തീൎച്ചയും ഇല്ല. കാവ്യരചനയെസ്സംബന്ധിച്ചും ഇതുതന്നെയാണു് സ്ഥിതി. വൃത്തസീമയിൽ ഒതുക്കിനിറുത്തിയിട്ടുള്ള സാരോപദേശങ്ങൾ ഉണ്ടു്; Didactic poetry എന്നു് ഇംഗ്ലീഷിൽ അറിയപ്പെടുന്ന പദ്യവിഭാഗത്തിനോടു യു

ല്യമായവ. ആ പദ്യങ്ങൾ നിശ്ചിതോദ്ദേശത്തോടെ രചിക്കപ്പെട്ടവയാണ്; എന്നാൽ അവ കലാസൃഷ്ടികളല്ല. അതുകൊണ്ടു മനസ്സിലാകേണ്ടതു് എന്താണെന്നു വെച്ചാൽ, ലക്ഷണയുക്തമായ നല്ല കാവ്യങ്ങൾ രചിക്കാൻ പ്രചോദനം നല്കുന്നത്, ജീവിതത്തിലെ എന്തനുഭവങ്ങളായാലും, അവ മനുഷ്യജീവിതത്തെ നന്നാക്കാൻ എത്രകണ്ടു സഹായിച്ചാലും, അവയെ രചിക്കുന്നതിൽ ഉദ്ദേശത്തിനു പ്രസക്തിയില്ലെന്നുതന്നെയാണ്.

ലോകവ്യവഹാരത്തിൽപ്പെട്ടു മടുക്കുന്ന മാനസങ്ങളെ, കാവ്യത്തിലെ കലാകൌശലംകൊണ്ടു് ഉത്തരളിതമാക്കി, അതിന്റെ ഭാവനാസൌകുമാര്യംകൊണ്ടും മററും ആഹ്ലാദിപ്പിച്ചുയർത്തണം. കലാശില്പംകൊണ്ടു് ഇളക്കിവിട്ട ഹൃദയങ്ങളെ, അധഃപതിപ്പിക്കുന്ന അന്തരീക്ഷത്തോടുകൂടിയ കാവ്യങ്ങളുണ്ടു്. അവ, രചനാവശത്തിൽ എത്ര സ്തുത്യർഹങ്ങളായാലും, ഉത്തമകാവ്യങ്ങളല്ല. വെണ്മണിക്കൃതികളിൽ ചിലവ ഉദാഹരണങ്ങളാണു്.

കാവ്യങ്ങൾ സാമാന്യമായി മനുഷ്യകഥാനുഗായികളായിക്കൊള്ളണമെന്നാണല്ലോ സർവ്വസമ്മതമായ അഭിപ്രായം. കർത്തൃനിഷ്ഠമായ (Subjective) ഭാവഗീതങ്ങളെ, ആ നിർവ്വചനത്തിൽ കൊള്ളിക്കാമോ? എന്തായാലും ഭാവനാഭാസുരമായ ഹൃദയം, ഏകാന്തതയിൽ, മൂകപ്രകൃതിയുമായി സംവാദം നടത്തിയതിന്റെ ഫലമായി ഉയരുന്ന ഭാവകവിതകളെ, ഉത്തമങ്ങളായി ഗണിക്കാതെ തരമില്ല. മനുഷ്യഹൃദയങ്ങളെ അത്യുന്നതതലങ്ങളിലേക്കുയർത്തുവാൻ അവയ്ക്കു ശക്തിയുണ്ടു്.

ഏതു കാലഘട്ടത്തിലെഴുതപ്പെട്ടവയായാലും വേണ്ടില്ല, പ്രതിഭയുടെ മുദ്ര പതിഞ്ഞു പുറത്തു വരുന്ന കാവ്യങ്ങളിൽ, അതാതു കാലങ്ങളിലെ ജീവിതം ഒട്ടാകെ പ്രതിഫലിക്കാതിരിക്കയില്ല. എന്നാൽ ഏതു കാലത്തും ജീവിക്കാൻമാത്രം ഉൽക്കർഷം അവയ്ക്കുണ്ടാകേണമെങ്കിൽ, രചിക്കപ്പെട്ട കാലഘട്ടത്തിലെ ജീ

വിതം അവക്കു പശ്ചാത്തലമായി മാത്രമേ ശോഭിക്കാവൂ. 'റിയലിസ്റ്റ്' കാവ്യമെഴുതുകയാണെങ്കിൽപ്പോലും, ജീവിതത്തിന്റെ യഥാതഥചിത്രം ഒരു 'ഫോട്ടോഗ്രാഫ്'പോലെ പ്രതിഫലിപ്പിച്ചാൽ പോര; കലാപരമായ ആദൎശസ്വപ്നത്തിന്നു രൂപം കൊടുക്കാൻ ആവശ്യമാണെന്നു തോന്നുന്നത്ര ജീവിതത്തിന്റെ യഥാതഥചിത്രങ്ങളേ കൊടുക്കാവൂ. കലാരൂപം മനസ്സിലുദിക്കാതെ, യഥാൎത്ഥജീവിതത്തിന്റെ നാറുന്ന വശങ്ങളെ അതേപടി പകൎത്തി, അതിന്റെപേരിൽ കുറെ മുതലക്കണ്ണീർ വീഴ്ത്തി, സ്വയം അത്തരം ജീവിതത്തിൽനിന്നുയൎന്നിരുന്നു്, അനുഭവങ്ങളുടെ ചൂടേല്ക്കാതെ, കാവ്യങ്ങളാണെന്നു പറയുന്ന ചിലതിനെ കീഴ്പോട്ടു തള്ളിവിടുന്നവർ ഇക്കാലത്തു ധാരാളം ഉണ്ടു്. ആ കൃതികളിൽ കണ്ണോടിക്കുമ്പോൾ തങ്ങളുടെ ജീവിതചിത്രം അതിൽ കാണുകയാൽ, മറ്റൊന്നും നോക്കാതെ, ആത്മവഞ്ചകന്മാരെ ജനകീയകവികളാക്കി ഉയൎത്തുന്ന പാവങ്ങളും അനവധി ഉണ്ടു്. അവരുടെ അഭിനന്ദനംകൊണ്ടു തല്ക്കാലം പുസ്തകം കുറെ വിററുപോയേക്കാം. എന്നാൽ അവയുടെ എന്തെന്തു ഗുണങ്ങൾകൊണ്ടാണു് ഒരുകാലത്തു് അവയെ പ്രശംസിച്ചിരുന്നതെന്നുകൂടി പിൽക്കാലങ്ങളിലെ സഹൃദയന്മാൎക്കു മനസ്സിലാക്കാൻ കഴിയാതെ വരും. അന്നേക്കു ജീവിതസമ്പ്രദായങ്ങൾ പാടേ മാറിയിരിക്കുമല്ലോ: നേരെമറിച്ചു്, ദിക്കാലാദിഭേദങ്ങളാൽ മാററം വരാത്ത മനുഷ്യരുടെ മൌലികവികാരങ്ങളിന്മേൽ, അതാതു കാലത്തെ ജീവിതചിത്രശകലങ്ങളെക്കൊണ്ടു കെട്ടിപ്പടുത്തവയാണെങ്കിൽ, ആ കാവ്യങ്ങൾ എന്നെന്നും രസഭൂയിഷ്ഠങ്ങളായിരിക്കും. ഉദാഹരണത്തിന്നു ഷെയിക്സ്പിയർ നാടകങ്ങൾ മതിയല്ലോ. ഏതായാലും ഇന്നയിന്ന സ്ഥിതിഗതികളേയോ ഇന്നയിന്ന തരം ജീവിതത്തേയോ നോക്കി മാത്രമേ കലാകാരന്മാർ പ്രചോദിതരാകാവൂ, കാവ്യങ്ങൾ രചിക്കാവൂ എന്നും മററും ഒരു വ്യക്തിക്കോ സംഘടന

ശ്ശോ പറയാൻ അധികാരമില്ല. അഥവാ അങ്ങനെ നിർദ്ദേശങ്ങൾ കൊടുത്തു് അതിന്നനുസരിച്ച രചിപ്പിക്കപ്പെട്ടാൽത്തന്നെ ആ കൃതികൾ കചാസൃഷ്ടികളാകാതെ കാലസൃഷ്ടികളാകാനാണെളുപ്പം.

ഇതൊക്കെയാണ് കാവ്യസപര്യപത്തിൻെറ ചില മൌലികവശങ്ങളെക്കുറിച്ച് എനിക്കുള്ള ബോധം. ചെറുപ്പത്തിൽ ചിത്രമെഴുത്തിലുണ്ടായിരുന്ന എൻെറ വാസന ഒരു ഘട്ടം വന്നപ്പോൾ എങ്ങനെയോ കവിതാരചനയിലേക്കു തിരിഞ്ഞു. കുറെയെഴുതിയതിന്നുശേഷം, 1930-ലാണ് എൻെറ ആദ്യകവിതകളിൽ ഒന്നു പ്രസിദ്ധപ്പെടുത്തിയതു്. അന്നുമുതൽ ഇന്നുവരെ അപ്പപ്പോൾ എഴുതി പ്രസിദ്ധം ചെയ്ത കവിതകളിൽ നല്ലതെന്ന് എനിക്കു ബോദ്ധ്യപ്പെട്ട പതിനെട്ടു കവിതകളാണ് ഇപ്പുസ്തകത്തിൻെറ ഉള്ളടക്കം. ഇതിൽ മൂന്നാമതായി ചേർത്ത 'ഹിമവാൻെറ പുത്രി'യാണ് എൻേറയും വത്സലപുത്രി. അതുകൊണ്ടാണ് ഈ സമാഹാരത്തിന്നു് ആ പേർ കൊടുത്തിരിക്കുന്നതു്.

ഹൈസ്കൂളുകളിലും ലോകോളേജ് അടക്കമുള്ള കലാശാലകളിലും പഠിക്കുന്ന കാലത്തു പ്രസംഗം, പ്രബന്ധം, പദ്യരചന എന്നീ വിഷയങ്ങളിൽ മത്സരപ്പരീക്ഷകൾ നടത്തിയിരുന്നു. അവയിൽ പങ്കുകൊണ്ടു് ഒന്നാം സമ്മാനങ്ങളും മററും വാങ്ങാൻ ഇടവരികയാൽ ഹനിക്കു് എന്നിൽ അന്തർല്ലീനമായ വാസനകളേയും കഴിവുകളേയുംകുറിച്ചു സൂചനകൾ കിട്ടി; ഒരുട്ടാകെ ആത്മവിശ്വാസവും ഉണ്ടായി. ഓരോരോ ഘട്ടങ്ങളിൽ ഈവക മത്സരപ്പരീക്ഷകൾവെച്ചും എഴുതിക്കൊണ്ടിരുന്ന കവിതകളെ അഭിനന്ദിച്ചും ഹൈസ്കൂൾ മാസിക, കോളേജുമാസിക എന്നിവകളിൽ പ്രസിദ്ധപ്പെടുത്തിയും പ്രോത്സാഹിപ്പിച്ചിരുന്നവരിൽ ശ്രീമാന്മാരായ നമ്പ്യാരുവീട്ടിൽ നാരായണമേനോനും പ്രൊഫസർ ജോസഫ് മുണ്ടശ്ശേരിയും പ്രമുഖന്മാരാണ്. അത്രയും ചെയ്തതിന്നു ഞാനവരോടു കൃതജ്ഞനാണ്.

ഈ സമാഹാരം ഈ രൂപത്തിൽ പ്രസിദ്ധപ്പെടുത്താൻ വേണ്ട ചില നിർദ്ദേശം തന്നും അവതാരിക എഴുതിയും പ്രോത്സാഹിപ്പിച്ച കവിതിലകൻ ജി. ശങ്കരക്കുറുപ്പവർകളോടും, കൊടുത്തേല്പിച്ച ഉടനെത്തന്നെ പുസ്തകം വായിച്ചു് ആത്മാർത്ഥമായ തന്റെ അഭിപ്രായം കത്തുരൂപത്തിൽ ചുരുക്കി എഴുതി അയച്ചുതന്ന പണ്ഡിതശിരോമണിയും വിമർശനവിചക്ഷണനുമായ എ. ബാലകൃഷ്ണപ്പിള്ള അവർകളോടും, അതേപ്രകാരത്തിൽ മറെറാരഭിപ്രായം അയച്ചുതന്ന എന്റെ മാന്യസുഹൃത്തും യുവകവിതിലകവുമായ വൈലോപ്പിള്ളിൽ ശ്രീധരമേനോനവർകളോടും എന്റെ ഉള്ളഴിഞ്ഞ നന്ദിയെ രേഖപ്പെടുത്തിക്കൊള്ളുന്നു. പ്രസാധകത്വം ഏറെറടുത്തു് ഇപ്പുസ്തകം ഇത്രയും ഭംഗിയായി അടിച്ചുതന്ന മംഗളോദയം കമ്പനി ഭാരവാഹികളും പ്രശംസാർഹരാണു്.

ബഹുമുഖമായ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന കൈരളിയുടെ കാല്ക്കൽ ഈ വിനീതോപഹാരം സമർപ്പിക്കുമ്പോൾ എനിക്കു് അല്പം സങ്കോചവും വർദ്ധിച്ച സന്തോഷവും ഉണ്ടു്. രചനയിലെ ബാഹ്യമായ മിനുക്കുപണിയിൽ ശ്രദ്ധിക്കുന്നവരിൽ ചിലർ ഒരുപക്ഷേ ഇതിൽ ചിലേടങ്ങളിൽ ചില പോരായ്മകൾ കണ്ടേക്കാം. ഈ സംഗതി സങ്കോചത്തിന്നും ഇവ രചിക്കുന്നതിന്റെ പിന്നിലുള്ള ആത്മാർത്ഥത സഹൃദയന്മാർക്കു ബോദ്ധ്യപ്പെടുമെന്ന വിശ്വാസം സന്തോഷത്തിന്നും ഇട നല്കുന്നുണ്ടു്. മറെറല്ലാം വിസ്മരിച്ചു കവിതകളുടെ ഗുണദോഷങ്ങളിന്മേൽ മാത്രം നോക്കാൻ പരിശീലിച്ചിട്ടുള്ളവർ എന്റെ ഈ പ്രഥമഗ്രന്ഥത്തിൽ ആശാവഹമായി വല്ലതും കണ്ടാൽ ഞാൻ കൃതാർത്ഥനായി.

വൈലത്തൂർ,<br>
1-9-1949.

ടി. പി. മാത്യു

# ഹിമവാൻെറ പുത്രി

# വിഷയവിവരം


| | | |
|---|---|---|
| 1. | വൈപരീത്യം (ഗാഥ) | 1 |
| 2. | കവിക്കും കടിഞ്ഞാണോ? (കേക) | 5 |
| 3. | ഹിമവാന്റെ പുത്രി (ഗാഥ) | 8 |
| 4. | ആ മണിനാദം (കേക) | 12 |
| 5. | ചക്കരമാവ് (പാന) | 14 |
| 6. | ആ കൂടിക്കാഴ്ച (കേക) | 19 |
| 7. | ഇപ്പോഴും മടക്കി (താരാട്ട്) | 23 |
| 8. | നവ്യപ്രഭാതം (ഗാഥ) | 24 |
| 9. | മതം മാററം (കേക) | 26 |
| 10. | അമ്മയും മകളും (ഗാഥ) | 32 |
| 11. | മനോരാജ്യം (അന്നനട) | 35 |
| 12. | മുഴമിച്ചു (ഗാഥ) | 39 |
| 13. | ആത്മവഞ്ചനയല്ലാതങ്ങുമോ? (കേക) | 42 |
| 14. | ആ അനക്ഷരഗീതം (ഗാഥ) | 45 |
| 15. | അന്ത്യരംഗം (കേക) | 49 |
| 16. | വസന്താരംഭത്തിൽ (ഗാഥ) | 52 |
| 17. | ജാനുവിന്റെ സ്നാനം (ഓമനക്കുട്ടൻ) | 54 |
| 18. | ശോഭിക്കും നിത്യതയിൽ (ഗാഥ) | 57 |

7 APR 1956
MADRAS

# ഹിമവാൻെറ പുത്രി

## ൧. വൈപരീത്യം

അങ്ങേതോ ഹൈന്ദവക്ഷേത്രത്തിൽനിന്നതാ
പൊങ്ങുന്നു മംഗലശംഖനാദം;
നിസ്തുലകാല്യമണിനാദം കേൾക്കുന്നു
ക്രൈസ്തവദേവാലയത്തിൽനിന്നും;
വന്നണയുന്നു മാഹമ്മദപ്പള്ളിയിൽ-
നിന്നഹോ 'വാങ്കു'വിളിക്കും ശബ്ദം;
നിശ്ശബ്ദനീലവിണ്ണേറിനിന്നന്യോന്യ-
മശ്ശബ്ദവീചികളാശ്ലേഷിക്കേ,
പൂതമാമേതോ വികാരത്താലാവിഷ്ട-
ചേതസ്സോടന്നുണർന്നെങ്കിലും ഞാൻ,
കണ്ണടച്ചാദശ്സ്വപ്നനിമഗ്നനാം-
വണ്ണം കിടന്നുപോയങ്ങുതന്നെ.

ജന്നലിലൂടെയപ്പൊന്നിളം വെയ്‌ലെന്നെ
വന്നു വിളിക്കയാൽ ഞാനെണീററു.

---

1120 മീനം 26-ാംനു-യിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തി.

ത്തൂമഞ്ഞണിപ്പച്ചക്കൈലേസ്സാമെൻ ഗൃഹ-
ത്തോപ്പിലേക്കോടിയെൻ കൺകളപ്പോൾ;

മുററിത്തഴച്ച പയറിളംവള്ളികൾ
നീട്ടിപ്പൂപ്പുഞ്ചിരി തൂകിനില്ക്കേ,

ഓണപ്പൂമഞ്ഞക്കുടകൾ പിടിച്ചുകൊ-
ണ്ടാനന്ദനർത്തനമെങ്ങും ചെയ്കേ,

മൂത്ത കുലകൾ ചുമന്നു തലകുനി-
ച്ചെത്രയോ വാഴകൾ തിങ്ങിനില്ക്കേ,

വണ്ടു മുരണ്ടും തേനുണ്ടു പൂമ്പാററകൾ
മണ്ടിപ്പരാഗമണിഞ്ഞും പോകേ,

നാനാനിറമോലും പക്ഷികളോരോരോ
ഗാനവും പാടിപ്പറന്നീടവേ,

അങ്കണത്തിങ്കലെപ്പൊങ്കററക്കുമ്പാര-
ത്തിങ്കൽനിന്നപ്പിള്ളരാർപ്പിടവേ,

കുന്നിൻചെരിവുകളേററുപാടീടുന്ന
മന്ദ്രമാമോണവില്ക്കൊട്ടു കേൾക്കേ,

എന്മലനാടിൻ നിസർഗ്ഗസൌന്ദര്യമോ-
ത്തെന്മിഴി രണ്ടും നിറഞ്ഞുപോയി.

‘വന്നുവോ പൂവറുത്തിങ്ങോട്ടും കുട്ടിക’-
ളെന്നു ഞാൻ സൂക്ഷിച്ചു നോക്കിയപ്പോൾ,

അപ്പയർവള്ളികൾക്കപ്പുറം കുമ്പിട്ടു
പൂ പറിച്ചുണ്ടൊരു വൃദ്ധ നില്പൂ;

പല്ലുപോയ്ത്തോൽചുളിഞ്ഞെല്ലുന്തിച്ചാമര-
തുല്യം നരച്ചുദ്ധ്നഗ്നാംഗിയായ്.

ചോദിച്ചു ജാലകത്തൂടെ ഞാൻ: "മുത്തശ്ശി!
പൈതങ്ങളില്ലയോ പൂവറുക്കാൻ?"

ഞെട്ടിപ്പുണിപ്പെട്ടു മുട്ടിന്മേൽ കൈകൊട്ട-
ത്തൊട്ടു നിവന്നു വീർപ്പിട്ടു ചൊന്നാൾ:—

"യോഗം! ലഹളയിൽപ്പണ്ടേ ഹനിച്ചിതെ-
ന്നേകസന്താനത്തെ മാപ്പിളമാർ;

ഭക്ത്യാ ഗുരുവായൂരപ്പനെക്കൈത്തൊഴാ-
നുത്തമനെൻപൌത്രൻ പോയ്വരുമ്പോൾ,

* 'കാവിടിക്കേസ്സിൽ'പ്പെടുത്തി നസ്രാണികൾ
ജീവപര്യന്തം തടവിലാക്കി;

മാലാണ്ട ഞങ്ങൾ സമൃദ്ധിതൻ നാട്ടിലൊ-
രാലംബമില്ലാതെ പട്ടിണിയായ്;

പുത്രപൌത്രന്മാർതൻ ഭാര്യമാർ ചത്തുപോ-
യൊററനാൾക്കുള്ളിൽ വിഷൂചികയാൽ;

ഏകാന്തമൂകമെൻ ഗേഹത്തിൽശ്ശേഷിപ്പ-
താ കരഞ്ഞോടി വരുന്ന കുഞ്ഞാം;

കുട്ടികളോണപ്പൂന്തൊട്ടിയിൽ പൂനിറ-
ച്ചിട്ടയൽവീട്ടിൽക്കളമിടുമ്പോൾ,

---

* കുന്നംകുളമങ്ങാടിയിൽ ക്രൈസ്തവപ്പള്ളിയുടെ അടുത്തുകൂടി ഹിന്ദുക്കൾ കാവിടി കൊണ്ടുപോയപ്പോൾ ഉണ്ടായ ലഹളയേയും തുടർന്നുണ്ടായ കേസ്സിനേയും സൂചിപ്പിച്ചുകൊണ്ട്.

വാശിപിടിച്ചു കരകയായ് പൌത്രൻെറ
ശോഷിച്ചൊരപ്പൊതലാകയാലേ,
നാലാംതലമുറ ചെയ്യേണ്ടൊരിത്തൊഴിൽ-
പോലും പിറസ്ലമെൻ കൈകൾക്കായി.”
തൊണ്ടയിടറിക്കൺ രണ്ടും നിറഞ്ഞോതി-
ക്കൊണ്ടാളാ വൃദ്ധ! ഞാൻ കൺ തുടച്ചു.

അപ്പലർകാലസംയുക്തസ്വനത്രയ-
മപ്പൊഴും കാതിലലച്ചിരുന്നു.

—ooжoo—

# ൨. കവിയ്ക്കും കടിഞ്ഞാണോ?

പാറകൾ തട്ടിപ്പതഞ്ഞൊടുന്മാ സരിത്തിന്റെ
തീരത്തിലിരുന്നർദ്ധനഗ്നനാം കവി പാടി:—

“വാനനീലിമയിങ്കൽ മാഞ്ഞുപോം മലകളും,
വാർമഴവില്ലാം വാനിൻ ഗോപുരകമാനവും,

പാലൊളിപ്പഞ്ഞിക്കെട്ടായ്പ്പാഞ്ഞിടും മേഘങ്ങളും,
ചേലെഴും വെള്ളിത്തോണി നീങ്ങിടും വിൺപൊയ്ക്കയും,

കാനനാന്തരഗാനലോലനിർഝരങ്ങളും,
സൂനസുന്ദരാന്തരലീനഷൾപ്പദങ്ങളും,

കണ്ടു കണ്ടേകാന്തത്തിലാനന്ദഗാനം പാടി-
ക്കൊണ്ടലമലയുമ്പോളുണ്ടെനിക്കുള്ളിൽ ശാന്തി.”

അന്നദീഗീതിയ്ക്കൊത്തു പാടുമപ്പാട്ടും കേട്ടു
വന്നടുത്തൊരു വേഷസുന്ദരനിരിക്കയായ്;

ഓതിനാനയാൾ “കഷ്ട,മെന്തിനങ്ങുന്നീ വന്യ-
ഗാഥകൾ പാടിക്കവിജന്മവും പാഴാക്കുന്നു;

ഞാനൊരു മഹാകവിയാണെന്റെ പുരോഗതി-
യ്ക്കായിരം ജിഹ്വാഞ്ചലം കീർത്തനം മുഴക്കുന്നു;

നിങ്ങളെപ്പോലെ പ്രകൃത്യംബയെ പ്രകീർത്തിച്ചുൾ-
ത്തിങ്ങിടുമാനന്ദത്തിൻ ഗാഥകൾ രചിച്ചോൻ ഞാൻ;

---

1—1—48-ാംനു-യിലെ ‘ചൈതന്യം’ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തി.

നിർവൃതിയെന്നോടൊപ്പം കേട്ടോക്കുമുണ്ടായെന്നാൽ
ദുർവ്വിധിയെനിയ്ക്കുന്നു പട്ടിണി മാത്രം തന്നു;

പുസ്തകമടിയ്ക്കുവാനില്ല കാശടിച്ചാലും
സംസ്കൃതാശയർ, പത്തു കോപ്പികൾ വാങ്ങിച്ചേയ്ക്കാം;

ജീവിയ്ക്കുമവ,യെന്നാലെനിയ്ക്കു ജീവിയ്ക്കുവാൻ
ജീവത്സാഹിത്യം രചിയ്ക്കേണമെന്നായീ ചിലർ;

അന്നുതൊട്ടവർ ചൂണ്ടിക്കാണിയ്ക്കും വിഷയങ്ങ-
ളൊന്നൊഴിയാതേ പദ്യരൂപത്തിലാക്കിക്കൊണ്ടേൻ;

ഹോട്ടൽതൻ മുന്നിൽക്കാണും തൊട്ടിയിലെച്ചിൽ വീഴ്കേ
പട്ടിയോടൊപ്പം തെണ്ടിക്കുട്ടികൾ നക്കുന്നതും,

മററും ഞാൻ നിർദ്ദേശങ്ങൾക്കൊപ്പിച്ചു തീർക്കും പദ്യം
കററയായ്പ്പത്രങ്ങൾക്കും വിററു പുസ്തകമായും.
ജീവിതയാഥാർത്ഥ്യത്തെ നഗ്നമായ് വർണ്ണിച്ചെൻെറ
ജീവിതക്ലേശം മാററി; പേരടിച്ചടിച്ചേററി.
അന്തശ്ചോദനത്തിന്നു കാത്തു നില്ക്കാതെ തല-
മാന്തി ഞാ'നോർഡർ'ക്കൊപ്പം പദ്യങ്ങൾ രചിയ്ക്കുന്നു.
ആശയം ലഭിച്ചാലും പ്രാസമൊപ്പിക്കാൻ ശബ്ദ-
കോശങ്ങൾ തെണ്ടി ക്ഷീണിച്ചിങ്ങു കാറേറല്ക്കാൻ വന്നു."

ആറിനോടൊപ്പം ചിരിച്ചുരച്ചാൻ മറുപടി
മാറി ഞാനോടിക്കൊള്ളാം ചേറിൻെറ മഹാകവേ!

മന്നിലെ മാലിന്യങ്ങൾ വിട്ടകന്നാകാശത്തിൻ
സുന്ദരസ്വപ്നം കണ്ടു കണ്ടു ഞാനലയുമ്പോൾ,

ഭാഷയിലൊതുങ്ങാത്ത ഭാവഗീതികൾ പാടാൻ
ഭാസുരപ്രകൃതിതൻ വേണുവായ് മാറുന്നു ഞാൻ;

ശോകതീവ്രമാം ഭാവനിർഭരത്വത്താൽ തുള-
യാകിയ മദീയാത്മവേണുവിൽക്കൂടി സ്വയം

നിത്യമോഹനഗാനമാലപിച്ചലൌകിക-
ശക്തിയാണലയുന്നതങ്ങിങ്ങായ് വനഭൂവിൽ.

അത്രമേലനർഗ്ഗളനിർമ്മലപ്രവാഹമെ-
ങ്ങിത്തരം മനസ്സിഷ്ടത്തിൻ ഞാണിന്മേൽകളിയെങ്ങോ?

എങ്ങുമുണ്ടസ്വാതന്ത്ര്യം സാമൂഹ്യനിയമത്താ-
ലെങ്കിലുമിതത്ഭുതം "കവിസ്സും കടിഞ്ഞാണോ?"

——০৩৪৫০——

# ൩. ഹിമവാന്റെ പുത്രി

പണ്ടേയ്ക്കു പണ്ടേ നരച്ച ശിരസ്സേന്തു-
കൊണ്ടും കുനിയ്ക്കാതെ വിണ്ണോളവും,
പൊക്കിപ്പിടിച്ചാർഷസംസ്കാരവീര്യനായ്
നില്ക്കും ഹിമവാന്റെ പുത്രി ഗംഗാ;
അച്ഛന്റെ കണ്ഠത്തിൽത്തൂങ്ങിയും ധാത്രിത-
ന്നങ്കത്തിൽച്ചാടിക്കളിച്ചും പോകേ,
വൃദ്ധാചലദീർഘദർശിയ്ക്കില്ലുൾഭ്രമം
മുഗ്ദ്ധതൻ മാർഗ്ഗലക്ഷ്യങ്ങൾ കാണ്കേ.
ഇപ്പൂർവ്വരാജ്യസംസ്കാരപ്രവാഹത്തിൻ
നൽപ്രതിരൂപമാണല്ലീയവൾ?

വർണ്ണവും പക്ഷവും നോക്കാതയൽക്കാരെ-
ത്തനാലക്കയ്യാൽത്തലോടിയാർദ്രം,
പായുന്നു പൂർവ്വബന്ധത്താലനന്തതാ-
സായൂജ്യപ്രാപ്തിയ്ക്കായ്പ്പാവനാംഗി.

പാഴ്ത്തൃണപ്പച്ചക്കൊടി പിടിച്ചക്കരിം-
പാറകൾ തീരത്തിൽ നിന്നുരച്ചു:—
“കൂലങ്ങൾ തല്ലിത്തകർത്തെല്ലാമൊന്നാക്കാൻ
മേലിലനുവദിയ്ക്കില്ല ഞങ്ങൾ;

---

15—10—47-ാംനു-യിലെ ‘ചൈതന്യം’ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തി.

നിങ്കരസ്സ്വശ്നമേററു വിളയുന്ന
പൊങ്കതിരെങ്ങൾക്കു വേണ്ട! വേണ്ട!

ഞങ്ങളുരുളുന്ന മാൎഗ്ഗത്തിൽച്ചേൎന്നെങ്ങും
തങ്ങാതൊതുങ്ങിയൊഴുകിക്കൊൾക.”

അപ്പോഴും ‘ഗോപാലഗീതാ’മൃതം നുക-
ൎന്നത്ഭുതവേഗത്തോടോടിയവൾ;

അപ്രവാഹത്തിന്നടിയൊഴുക്കേറിയ-
തൊട്ടുമലിയാത്തോക്കെന്തറിയും?

എന്നാലക്കൂട്ടരെ യൊന്നായ്പ്പുഴക്കുവാ-
നൊന്നും ശ്രമിച്ചതില്ലുക്കുള്ളവൾ;

ആൎദ്രസ്മിതയായ്ത്തഴുകിക്കൊണ്ടാണല്ലോ
ബുദ്ധസഹോദരി പോയതന്നും;

മേല്പോട്ടു നോക്കിയാക്കൂസ്തുവേപ്പോലവൾ
മാപ്പവൎക്കേകാനപേക്ഷിക്കുന്നു.

ഉൽകൃഷ്ടലക്ഷ്യത്തെ നോക്കിക്കുതിച്ചുപോം
പോക്കിലെങ്ങാനും തടുത്തുവെന്നാൽ;

കുന്നിനെപ്പോലുമെടുത്തെറിഞ്ഞോടിടും
വന്ദ്യനിമ്ബിതൻ ചരിത്രം കേട്ടോൾ.

മുക്കോൺതുരുത്ത*ലിഞ്ഞതത്ഥിച്ചാലപ്പോഴും
നല്കുമവൎക്കുസ്സ്വാതന്ത്ര്യങ്ങൾ.

---

* Delta

ക്ഷേത്രവും ബുദ്ധവിഹാരവും പള്ളിയും
തത്വങ്ങൾ തീരത്തിലുൽഘോഷിക്കേ,
ബാല്യത്തിലച്ഛൻെറ തോളിലിരുന്നേററു-
ചൊല്ലിയ മാമുനിപ്രോക്തമോർത്താൾ.
സംസ്കാരസാധകസ്ഥാപനലക്ഷ്യങ്ങ-
ളൊക്കെയുമൊന്നെന്നറിയുമ്പോഴും,
ബാഹ്യമാം ശില്പവൈവിധ്യങ്ങളക്കലാ-
വാഹിനീഹൃത്തിൽ നിഴലിക്കുന്നു.
തന്മുലപ്പാലിനാൽ പച്ചപിടിച്ചെഴ-
മമ്മധുരോദാരതീരമെല്ലാം,
മൂലഫലത്താലുൾച്ചൈതന്യമേകുന്നു-
ണ്ടീലോകവാസികൾക്കാകമാനം.

കൂസാത്ത മാമലയേയുമലയ്ക്കൊപ്പം
ശീർഷമാട്ടുന്ന തൃണങ്ങളേയും,
തൃഷ്ണതൻ തീക്കപ്പൽക്കൂട്ടങ്ങളേയും സം-
തൃപ്തിതൻ മീൻവഞ്ചിപ്പള്ളയേയും,
നിസ്സംഗയായൊന്നുപോലെ തലോടും നിൻ
ഭാസുരവിസ്തൃതവക്ഷസ്സിങ്കൽ,
ചേർക്കുന്നു കുങ്കുമക്കൂട്ടും മൃഗങ്ങൾതൻ
രക്തവുമജ്ഞരാം മക്കൾ ചിലർ
സാകൂതഹാസയായ്ച്ചെമ്പവിഴോജ്ജ്വല-
ഹാരമായ് നീയതും സ്വീകരിപ്പൂ;

ഉണ്ണിപ്പൂര നിർമ്മിച്ചുണ്ണികൾ ഭാഗിച്ചും-
വണ്ണമീ നാട്ടിൻ വിഭജനവും.

നീയനാസക്തയായ്, നിർമ്മലാഖണ്ഡയായ്,-
പ്പായുക നാദ്യന്തചൈതന്യമേ!!
ഭാരതസംസ്കാരരൂപിണി! നീ കർമ്മ-
ധീരയായ്ച്ചേരുക പൂർണ്ണതയിൽ.

# 4. ആ മണിനാദം

ഞാനുണൎന്നെന്തോ ചിന്തിച്ചെന്നുടെ മഞ്ചത്തിന്മേ-
ലാകവേ മൂടിപ്പുതച്ചങ്ങനെ കിടക്കുമ്പോൾ,

അപ്പുലർകാലക്കുളിർവായുവിൽ നിലീനമാ-
യെത്തി ദൂരെനിന്നൊരു മണിനാദമെൻ കാതിൽ;

കുഗ്രാമദേവാലയത്തുമണിനാദം—ശുദ്ധ-
ഭക്തിയിലുൾത്താരാഴ്ത്തും പാവനമൃദുഗീതം,

അപ്പൊഴുതെന്റെ ഹൃത്തിലാഴത്തിലാണ്ടാണ്ടുപോ-
യപ്പൂതുനാളിൻ നിത്യഭാസുരഭാവം കാട്ടി;

ശാന്തസുന്ദരത്വവും സ്നിഗ്ദ്ധശീതളത്വവും
നിൎമ്മലത്വവുമാൎന്ന ഭാവനാരൂപങ്ങളിൽ.

നീലവാനത്തിൻകീഴിൽപ്പരന്ന പച്ചപ്പാട-
ത്താലപിക്കുന്ന കാലിപ്പിള്ളർതൻ ഗാനങ്ങളും,
പഞ്ചാരമണൽത്തിട്ടിൽപ്പിഞ്ചുപൈതങ്ങൾ കളി-
ച്ചഞ്ചിതാനന്ദാലുതിൎത്തീടുന്ന ശബ്ദങ്ങളും,
നീലപ്പൊയ്കതൻ പായൽപ്പരപ്പിൻമീതെ വിട-
ന്നാടുന്ന പത്മത്തിലെ വണ്ടിന്റെ ഝംകാരവും,
പുലരിപ്പകിട്ടോലും പൂൎവ്വദിങ്മുഖം നോക്കി-
പ്പറന്നുപൊങ്ങും കിളിക്കൂട്ടത്തിൻ പാട്ടുകളും,

---

1935 ജനുവരിയിലെ മാതൃഭൂമി ആഴ്ചപ്പതിപ്പുതൊട്ടു രണ്ടു പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധപ്പെടുത്തി.

ദേവാലയോപാന്തത്തിൽത്തത്തികളിസ്സും. വാത-
പോതത്തിലുൾച്ചേരുന്ന മന്ത്രോച്ചാരണങ്ങളും,
സീമയില്ലാത്ത മരുഭൂവിലു,മത്യുന്നത-
ശൈലാഗ്രത്തിലുമുള്ള നിശ്ശബ്ദസംഗീതവും,
ഒന്നായിക്കൂടിച്ചേൎന്നത്തുമണിനാദത്തിങ്ക-
ലുന്നിദ്രം സലീനമായെന്നപോൽ തോന്നീടുന്നു.

നിർവ്വൃത്യങ്കുരോൽക്കരം, നിൎമ്മലവികാരങ്ങ-
ളുൎവ്വിയിലേന്തും മണിച്ചെപ്പിൻെറ താക്കോൽക്കൂട്ടം;
മാനസത്തിങ്കൽബ്ഭാവതന്ത്രികൾ മീട്ടീടുവാൻ
പാടവമെഴും പരിപേലവാംഗുലീജാലം—
ആ മണിനാദം—ഹാ, ഹാ! ഞാൻ അതായ്പ്പകൎന്നന്ത-
ശ്ചോദനമരുളട്ടേ! കാവ്യകൃത്തുകൾക്കെല്ലാം.

—ം:ം:ം—

## ൫. ചക്കരമാവ്

അന്നു കുണ്ടനിടവഴി ചേൻ ഞാൻ
പോന്നിടുമ്പോളൊരു ശബ്ദമെങ്ങുന്നോ
കേട്ടുകേട്ടടുത്തപ്പോൾ ശകാരത്തിൻ
മട്ടയൻറു താഴ്ന്നു നിലച്ചുപോയ്.

പത്തടികൂടി നേരേ നടന്നു ഞാ-
നിത്തിരിപ്പടിഞ്ഞാട്ടു തിരിഞ്ഞപ്പോൾ,
എല്ലു പൊന്തി വളഞ്ഞ ജീവനാ-
യുള്ളൊരു വൃദ്ധൻ 'സർവ്വേരിക്കല്ലി'ന്മേൽ,
ദണ്ഡുമൂന്നിയിരിപ്പതുണ്ടന്ത്യമാം
കുണ്ടിൽനിന്നതേ താങ്ങുള്ളുവെന്നപോൽ.
ഹന്ത! നീണ്ടൊരു ജീവിതത്തിൻ ഭാര-
മേന്തിയേന്തിത്തളൻ കുനിഞ്ഞയാൾ,
തൻ ചുമടങ്ങിറക്കയോ? താങ്ങി ഞാൻ;
നെഞ്ചിടിപ്പെനിയ്ക്കിന്നുമുണ്ടോക്കുമ്പോൾ.
വേഗം ഞാനങ്ങിരുന്നക്കിഴവൻെറ
വേപമാന നരച്ച ശിരസ്സിനെ,
എൻമടിത്തട്ടിൽ വെച്ചുപചാരങ്ങൾ
ചെയ്തുകൊണ്ടയൽക്കാരെ വിളിയ്ക്കയായ്.

---

1121 ധനുവിലെ 'മംഗളോദയം' മാസികയിൽ 'മുട്ടമാവ്' എന്ന തലക്കെട്ടിൽ പ്രസിദ്ധപ്പെടുത്തി.

തൊട്ടടുത്തുനിന്നെൻ വിളി കേട്ടൊരാൾ
* മാട്ടത്തിൻ വക്കത്തെത്തിയ മാത്രയിൽ,

"ചങ്ങാതീ! വെള്ളമൊട്ടെടുത്തോടിക്കൊ-
ണ്ടിങ്ങണഞ്ഞാലും ചാവാറായിപ്പാവം"

എന്നുരയ്ക്കെ,ച്ചിരിച്ചയാളോതിനാൻ:—
"എന്നെയിപ്പൊഴേ കട്ടതിക്കുള്ളനാം."

പേർത്തുമെന്തോ പറഞ്ഞൊഴിഞ്ഞപ്പൊളാ-
ണോർത്തതാദ്യം ശ്രവിച്ച ശകാരങ്ങൾ.

ചീർത്ത നൈരാശ്യമോടെ ഞാൻ നോക്കുമ്പോ-
ളെത്തി വേർത്തുകിതച്ചൊരു വേട്ടവൻ;

നീരുചോരുന്ന പാളയെൻ നേർക്കയാൾ
നീട്ടിയോതി "ഓ വെള്ളുന്റെ തമ്പ്രാനേ!"

ഓർമ്മ വന്ന കിഴവനോടക്കഥ
മർമ്മഭേദകം ചൊല്ലി ഞാൻ കേൾപ്പിക്കേ,

കണ്ണു രണ്ടും നിറഞ്ഞയാൾ ഗൽഗദ-
പൂർണ്ണമെണ്ണിപ്പറഞ്ഞു തൻവാർത്തകൾ:—
"ജീവിതത്തിൻ വസന്തമീയെന്നെയും
പൂവണിയിച്ച കാലമോക്കുന്നു ഞാൻ;

ഇപ്പുറമ്പെന്റെയായിരുന്നു വിയ-
ർപ്പുള്ളമല്ല ഞാനിങ്ങു പൊഴിച്ചതും;

* കണ്ടനിടവഴി, തോട്ട് മുതലായവയുടെ ഇരുവശത്തുമുയരുന്ന തിണ്ട്.

മണ്ണിൽനിന്നന്നു സ്വർണ്ണം വിളയിച്ച-
തെണ്ണിയോതുന്നില്ലെങ്കിലുമൊന്നു കേൾ:—
മാട്ടത്തിന്നട്ടത്തായിട്ടെൻ കൈകളാൽ
നട്ട 'ചക്കരമാവാ'ണിക്കാണ്മതും;
കൂമ്പെട്ടത്തു നോക്കാൻ പുലരിയിൽ
വെമ്പിയെത്താറുണ്ടക്കാലത്തെന്നും ഞാൻ;
എൻകരളിലെച്ചോരയുൾച്ചേർന്നിട്ടാ-
ണങ്കുരിച്ചതിച്ചെങ്കനൽക്കൂമ്പിതിൽ.

അന്നൊരിക്കൽ നവോഢയാം പത്നിയെ
മിന്നൽപോലിതിൻ ചോട്ടിൽ ഞാൻ കണ്ടപ്പോൾ,
അമ്മയച്ഛന്മാർ കാണാതെ * വേഗത്തി-
ലുമ്മവെച്ചൊന്നു ഗാഢം പുണർന്നുപോയ്;
എന്തുരച്ചു ഞാൻ? മോനേ! ക്ഷമിക്കണം
'അന്ത'മില്ലാത്ത തന്തയോടൊക്കെയും.
ആറ്റുനോറ്റെന്റെ മാവു പൂത്തന്നു താ-
നീറ്റില്ലത്തിലെന്നുണ്ണി കരഞ്ഞുപോയ്;
പത്തുകൊല്ലത്തെ മൂപ്പുണ്ടീ മാവിനെൻ
മൂത്ത പുത്രനേക്കായിലുമെൻ മോനേ!
കുട്ടിയെ'യൊക്കി'ൽവെച്ചങ്ങേ കയ്യുകൊ-
ണ്ടേറ്റിമാവിനെൻ പത്നി നനയ്ക്കുമ്പോൾ,

---

* വിവാഹം കഴിഞ്ഞു വളരെക്കാലത്തേയ്ക്കു ദമ്പതിമാർ തമ്മിലുള്ള സമാഗമം അനുവദിക്കാതിരിക്കുന്ന കാരണവന്മാർ ചില സമുദായങ്ങളിൽ ഉണ്ടായിരുന്നു.

കുട്ടനെച്ചെന്നെടുത്തു ചാഞ്ചാട്ടി ഞാ-
നൊട്ടിടയ്ക്കല്ലലൊക്കെ മറന്നുപോം;
ജീവിതത്തിൻ മധുരസ്മരണക-
ളേവമൊട്ടിപ്പിടിച്ചോരീ മാവിനെ,
വിട്ടു പോകേണ്ടിവന്ന കഥയോൎത്താൽ
പൊട്ടുമുൾത്തട”മിട്ടു വീൎപ്പൊന്നയാൾ.
“ശോകദമക്കഥ പോട്ടെ മുത്തപ്പാ!
വേഗമെത്തുക കാൎയ്യത്തി”ലെന്നായ് ഞാൻ.
മുണ്ടിൻ കോന്തലകൊണ്ടു കണ്ണൊപ്പിയി-
ട്ടിണ്ടലോടെ തുടൎന്നു കഥയയാൾ:—
“എന്തിനേറെപ്പറയുന്നു രോഗത്തിൽ
നീന്തിനീന്തിയെൻ ‘വാൎയ്യ’യും ചത്തുപോയ്;
അന്നത്തെച്ചികിത്സയ്ക്കായ് കടം വാങ്ങി-
യെന്നതെൻെറ പറമ്പിൻ പുഴക്കരത്തായ്;
വീട്ടുവാനെല്ല വെള്ളമാക്കിക്കൊട്ട-
ത്തിട്ടതൊക്കെയും ‘വട്ടിക്കു് വട്ടി’*പോൽ;
അൎത്ഥതൃഷ്ണയാമുച്ചമരുഭൂവിൽ
വ്യൎത്ഥമായ് നീതിവേതനബിന്ദുക്കൾ;
‘കേസി’നാലിതു വില്പിച്ചെടുത്തിട്ടു-
ള്ളാസുരനെയാണിപ്പോൾ മോൻ കണ്ടതും.

ഇന്നു ഞാനീവഴിയ്ക്കു പോയീടുമ്പോ-
ളൊന്നു നോക്കി ബാഷ്പാകുലം മാവിന്മേൽ;

* പലിശയ്ക്കു പലിശ.

ഹൃത്തടത്തെപ്പൊളിച്ച കൃതഘ്നതൊ-
മൂർത്തിയെക്കാട്ടിയെൻ കാല്ക്കൽ വീഴുംപോൽ,
കാക്ക കൊത്തിപ്പൊളിച്ചൊരു മാമ്പഴം
ചിക്കെന്നെൻ മുന്നിലായിപ്പതിച്ചതേ.
പട്ടിണിയുടെ വമ്പാൽ പെറുക്കി ഞാ-
നൊട്ടേറെപ്പണിപ്പെട്ടു നിവരുമ്പോൾ,
മാട്ടമോടിയിറങ്ങിവന്നപ്പഴം
തട്ടിവാങ്ങിയാ ദുഷ്ടനരക്ഷണനാൽ.
പോരയെങ്കിലടിയും തുടങ്ങിയ-
ന്നേരമാവഴി പോയൊരു നായയെ,
കണ്ടു പേടിച്ചയാൾ മാട്ടമേറിയി-
ട്ടുണ്ടു വീണ്ടും ശകാരം തുടരുന്നു.
തല്ലുകൊണ്ടു തളർന്നു ഞാൻ സർവ്വേരി-
കല്ലിലേറിയിരുന്നതുണ്ടോമ്മ മേ.”

—ം—

## ൩. ആ കൂടിക്കാഴ്ച

ശൈശവസ്മൃതികളാലുൾക്കുളിരേകും ജന്മ-
ദേശത്തിൽനിന്നെത്രയോ ദൂരെയാണിവനപ്പോൾ;
ഉത്തരേന്ത്യയിലൊരു 'ശിബിരത്തി'ലാണന്നു-
മുത്തരവായീ ഞങ്ങൾക്കൊട്ടിട നടന്നീടാൻ.

തെല്ലിടയ്ക്കെന്നാകിലും സ്വാതന്ത്ര്യം ലഭിച്ചപ്പോ-
ളുല്ലാസപൂർവ്വം തുള്ളിച്ചാടി ഞാൻ ശിശുപോലെ.
"കേവലം നടക്കാത്ത മാർഗ്ഗത്തിലൂടെ നട-
ന്നാവതും ചുററിത്തിരിഞ്ഞെത്തണം കൂടാരത്തിൽ;
സാഹസമത്യത്ഭുതം ചെയ്യോൻ ഞാൻ സാങ്കല്പിക-
മോഹനസാമ്രാജ്യത്തിൽ; നാട്ടിലീമട്ടും വേറെ"
ഇത്ഥമോർത്തലക്ഷ്യനായ് മുന്നോട്ടു നടകൊണ്ടോ-
നിത്തനുവുണ്ടെന്നതുമപ്പപ്പോൾ മറന്നു ഞാൻ.
തോട്ടുകൾ പുഴകളും മേടകൾ മൈതാനവു-
മാടലെന്നിയേ കടന്നങ്ങനെ വേഗം പോകേ,
വർത്തമാനത്തെബ്ഭൂതഭാവികൾതന്നോടൊപ്പി-
ച്ചോർത്തുനോക്കുകയായി മാനസം ജവാലേവം:—
"സ്വാതന്ത്ര്യനിർമ്മിതമായ നവ്യമാം പരിഷ്കാരം
മർത്ത്യനെക്കൂട്ടക്കൊലചെയ്തുകൊണ്ടലറുമ്പോൾ,

---

1119 മകരത്തിലെ 'മംഗളോദയം' മാസികയിൽ പ്രസിദ്ധപ്പെടുത്തി.

പേശലഹൃദയങ്ങൾ പേറുമെങ്ങളീയുദ്ധ-
ഭീകരയന്ത്രത്തിൻെറ ഭാഗമായ്ച്ചമയുമ്പോൾ,
അമ്മപെങ്ങന്മാർ വീട്ടിലുള്ളുള്ളൽബാഷ്പാക്ഷരാ-
യ്'മ്മണിയോർഡർ'തന്നിൽ കാലശാസനം കാണ്കെ,
ആത്മശാന്തിയ്ക്കായ് ദേഹദണ്ഡനം ചെയ്യേണ്ടവ-
രാത്മമർദ്ദനം ചെയ്വൂ ദേഹഭോഗങ്ങൾക്കായി.

ശൈശവസ്മൃതികളും യൌവനസ്വപ്നങ്ങളു-
മാശയമരുപ്പച്ചയാകുന്നിതെനിയ്ക്കിപ്പോൾ.
മാതുലഗൃഹാ*ന്തികത്തന്നോടിക്കളിയ്ക്കുന്ന
മാതിരിയാണാദ്യം ഞാൻ കണ്ടതക്ഷമാരിയെ;
വാഴയും മാവും പ്ലാവും ചേർന്നിരുൾതിങ്ങും ഗൃഹം,
ചൂഴവേ മലർത്തോപ്പും വാപിയും കലന്നേറെ.
ആ ലീലാരംഗത്തിൽ ഞാൻ കേവലം കളിത്തോഴ-
നാലോലമിഴിയ്ക്കിടയ്ക്കെമ്പെഴും ധീരാത്മാവും.
അങ്ങനെ കഴിഞ്ഞുപോയ് കാലങ്ങൾ പഠിച്ചു ഞാ-
നങ്ങൊരുവിധം കലാശാലയിലെത്തിച്ചേൎന്നു.
വിശ്വസുന്ദരികളാം കാവ്യയക്ഷിമാരൊത്തു
ഭാസുരകലാലയവിദ്യതൻ ശൃംഗോപരി,
മായികസുഖസ്വപ്നംകണ്ടുറങ്ങുമ്പോൾ വീണു-
പോയി ഞാനട്ടത്തെന്നോ ജീവിതയാഥാത്ഥ്യത്തിൽ.

---

* സ്ഥിരമായി അച്ഛൻെറ വീട്ടിൽ താമസിക്കുന്ന കൃസ്ത്യാനികൾ സാമാന്യേന കറെ അകലെയായിരിപ്പാൻ ഇടയുള്ള മാതുലഗൃഹത്തിലേയ്ക്കു് അപ്പപ്പോൾ മാത്രമേ പോകയുള്ളു.

അപ്പൊഴോ വിടർന്നുള്ളോരപ്പനീർപ്പൂവൊട്ടെനി-
ക്കപ്രാപ്യമായിക്കൂർത്ത മുള്ളുകൾക്കുള്ളിൽപ്പെട്ടു.
എങ്കിലും തുടിക്കാറുണ്ടമ്മലർമുഖമെന്നെ-
ക്കാൺകിലന്നേരം; ചേർക്കും രാഗവീചികൾ ഹൃത്തിൽ.
കാലത്താൽ ദൃഢീകരിച്ചുള്ളോരപ്രണയത്തിൻ
സാഫല്യമോർത്തോർത്തുന്തിജ്ജീവിതം കഴിയ്ക്കുമ്പോൾ,
കേട്ടു ഞാൻ പെട്ടെന്നാരോ പട്ടാളത്തലവനായ്
നാട്ടിലെത്തിയപ്പുഷ്പം ഗ്രഹിച്ചു നടന്നെന്നായ്.
പിന്നെയെന്താശാസ്യമായ്ജ്ജീവിതപഥത്തിൽ ഞാ-
നിന്നരവധയന്ത്രഭാഗമാകുവാൻ വന്നു.”

-

മച്ചിന്താഗതിയിത്രത്തോളമായപ്പോളൊരു
പച്ചപ്പുല്ലണിക്കുന്നിനുച്ചിയിലണഞ്ഞു ഞാൻ.
നാലു ഭാഗത്തും തിരിഞ്ഞൊന്നു കണ്ണോടിച്ചപ്പോൾ
മാലകന്നുയർന്നുപോയ് മാനസമറിയാതെ.
നീലനീലമായ് ധ്യാനനിശ്ചലം നിലകൊൾവൂ
ദൂരദൂരവേ ഗിരികൂടകോടികൾ ഭംഗ്യാ.
അന്തിച്ചോപ്പണിച്ചക്രവാളത്തിന്നെതിരിലായ്
പൊന്തുന്നു കിളിക്കൂട്ടം ബിന്ദുവായ് മറയുന്നു.
കൊച്ചലച്ചാർത്തും ചാർത്തി കുന്നുകൾക്കിടയിലായ്
പച്ചനെൽപ്പാടം ചുറ്റും വിസ്തൃതം കിടക്കുന്നു.
സന്ധ്യതൻ സിന്ദൂരം മെയ്യാകവെപ്പൂശിവള-
ഞ്ഞന്തികത്തൂടെ ചിരിച്ചോടുന്നു കൊച്ചാറുകൾ.

സ്വച്ഛവിസ്തൃതം വാനം ചൂണ്ടുന്ന കുരിശുമാ-
യിച്ചരിവിങ്കൽ ശുഭ്രനിർമ്മലദേവാലയം,

പച്ചപ്പട്ടണിക്കൊച്ചുമച്ചിലൊരരയന്ന-
പ്പക്ഷിതന്നണ്ഡം നിക്ഷേപിച്ചപോൽ വിളങ്ങുന്നു.

ആകവേ നിശ്ശബ്ദമാമന്തരീക്ഷത്തിൽപ്പൊങ്ങി
മൂകത ഭഞ്ജിക്കുമാറപ്പള്ളിമണിനാദം;

ചുററിലും കിടക്കുന്ന പർവ്വതഗുഹകളിൽ
മാറെറാലിക്കൊണ്ടശ്ശബ്ദസുന്ദരകലവികൾ,

അന്തരാത്മാവിന്നാഴത്തിങ്കലേയ്ക്കിറങ്ങുമ്പോ-
ളെന്തിവനറിയാതപ്പള്ളിയോടടുത്തതന്നോ?

ഒട്ടടുത്തപ്പോൾ പടനായകനേകൻതന്നെ-
ത്തൊട്ടൊപ്പമിറങ്ങുന്നോൾ—സ്വപ്നമോ! ഹാ! ഹാ!
(ഭ്രാന്തോ!

ഞാനെന്നെത്തന്നെ മറന്നങ്ങനെ നിന്നാൻ; വിള-
ത്താനമ്രമുഖിയൊന്നെൻ നേർക്കു നോക്കിനാളാർദ്രം.

നിറയും കണ്ണാലവർ മറയുംവരെ നോക്കി-
ധരയും മാറിക്കണ്ടേൻ, നമിച്ചേൻ പള്ളിക്കുള്ളിൽ.

## ൭. ഇപ്പോഴും മടക്കി

ലോകത്തെ സ്വർഗ്ഗമായ് മാററാൻ—നാക-
ലോകം വിട്ടെത്തും മഹാനെ,
ലോകം നരകമായ്ത്തീർക്കാ—നേററ
ഭീകരൻ മാർഗ്ഗേ മടക്കി.

ഭിന്നവേഷങ്ങളണിഞ്ഞു—പണ്ടും
മന്നിനെ നന്നാക്കുവാനായ്,
വന്നതാണിമ്മഹാനന്നും—വേഷ-
ഭിന്നനീ ദുഷ്ടൻ മടക്കി.

വീണ്ടും മഹാത്മാവണയും—നേര-
ത്തുണ്ടാകുമിക്ഖലൻ നൂനം;
നാഗരികർക്കരുളീടാ—റുണ്ടോ
സ്വാഗതം കാട്ടാളലോകം?

---

* മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തെക്കുറിച്ചെഴുതിയത്.

1-3-48-ാംനു-യിലെ 'ചൈതന്യം'മാസികയിലും 'കേരളക്ഷേമം' വാരികയിലും പ്രസിദ്ധപ്പെടുത്തി.

# വ്യ. നവ്യപ്രഭാതം

കോമളശ്യാമളമാകിയൊരാവന-
ഭൂമിയിൽ നിത്യസ്വതന്ത്രനായി,
മന്മനോന്മത്തവിപഞ്ചിക മീട്ടുവാൻ
കന്മഷലോകമേ! പോകയായ് ഞാൻ.

വിണ്ണെനിക്കേകിയ വെൺതുകിലല്പവും
വണ്ണവിലോപം വരുത്തിടാതെ,
കാണിക്കവെക്കേണമല്ലോ വിറക്കൊള്ളും
പാണിയോടദ്ദിവ്യജ്യോതിസ്സിന്നായ്.

കാൽ തെററി വീണിടാ,മെന്നാലും മദ്ദിത-
സോദരന്മാരെക്കരേററുവാനും
മങ്ങീടാമെൻ ദീപ,മെന്നാലും നൈരാശ്യം
തിങ്ങും ഹൃദയം തെളിയിപ്പാനും,
മാമകജീവിതം വേണമിങ്ങെന്നഹം-
ഭാവമോടോർക്കാറുണ്ടപ്പപ്പോൾ ഞാൻ.
സൽക്കർമ്മാനുഷ്ഠാനവ്യാജേന ജീവിതാ-
സക്തി കാണിക്കുമെൻ ചാപല്യമേ!
പേർത്തും നീ കെട്ടുന്നു ജീവിതത്തോടെന്നെ-
ച്ചേർത്തരമാത്ര ഞാൻ കണ്ണടച്ചാൽ.

---

1944 ഫെബ്ര്വരിയിലെ 'മാപ്പിളറിവ്യൂ'വിൽ പ്രസിദ്ധപ്പെടുത്തി.

പോകട്ടെ, ഞാനിരുൾക്കുത്തിലുമിന്നിമേൽ
ജാഗ്രത്തായ് നിന്നിടുമുന്മുഖനായ്
താരവിഹീനമനന്തതാവാനത്തിൽ
താന്തനായേവം ഞാൻ നോക്കിനില്ക്കേ,

പെട്ടെന്നെന്നന്തർനയനങ്ങൾ ചിന്നിക്കും
മറ്റൊരു നവ്യപ്രഭാതം കാണും.

അപ്രഭാവിദ്യുത് പ്രചോദിതമാത്മാവെൻ
മൃൽപ്പിണ്ഡഭാരം വലിച്ചുപോകേ,

ആനന്ദജൃംഭിതനെൻ മെയ്യിൽ ചുററിയോ-
രായതശൃംഖല പൊട്ടി വീഴും;

സ്വാതന്ത്ര്യനിശ്വാസം വിട്ടിടാൻ സ്വർഗ്ഗീയ-
ഗീതമുതിർത്തു ഞാൻ കാട്ടിലെത്തും.

## ൯. മതം മാററം

യന്ത്രങ്ങളലറുന്ന 'മദ്രാസ്സി'ൻ ശിരസ്സിങ്ക-
ലന്തിമസൂര്യ്യൻ ശാന്തികിരണം വിതറുമ്പോൾ,

ബഹളം കുറഞ്ഞൊരു തെരുവിൻ കിരീടമാം
ഗൃഹമൊന്നിൻെറ മുററത്തണഞ്ഞാനൊരു പുമാൻ.

മുപ്പതായ്ക്കാണും വയസ്സപ്പുമാനകൃത്രിമ-
ശുഭ്രവസ്ത്രാച്ഛാദിതദീൎഘസുന്ദരഗാത്രൻ;

കറുത്തുമിനുത്തിടതൂൎന്നൊഴുകീടും മുടി-
ച്ചുരുളും ശ്മശ്രുക്കളുമരുളും പഴുതിങ്കൽ;

ബ്രഹ്മചൈതന്യോജ്ജ്വലദീപയുഗ്മമാം കൺക-
ളമ്മനോഹരമുഖത്തഭൗമപ്രഭ വീശി.

മാളികമുകളിൽത്തൈത്തെന്നലിലാടിത്തിര-
ശ്ശീലകൾ നീങ്ങും ചിത്രജാലകങ്ങളിലൂടെ

സപ്തസാഗരം കടന്നെത്തുന്ന * സംഗീതത്തിൻ
സ്വപ്നമാധുരി നുകൎന്നനങ്ങാതയാൾ നില്ക്കേ,

അമ്മധുരാകാരത്തെ നുകൎന്നുണ്ടൊരോമലാൾ
തന്നുടിയൊതുക്കിക്കൊണ്ടങ്ങനെ നില്പൂ മോളിൽ.

---

* 1122 കന്നിയിലെ 'മംഗളോദയം' മാസികയിൽ പ്രസിദ്ധപ്പെടുത്തി.

* Redio music

‘പൂമുഖത്തേക്കു കടന്നിരിക്കാ’മെന്നായ്ത്താഴെ-
പ്പുരുഷരാരോ ചൊന്ന വാക്കിനാലാകൃഷ്ടനായ്
കുറച്ചൊന്നൊഴിഞ്ഞൊരു ദിക്കിലായ് കിടക്കുന്ന
ചെറുപീഠത്തിൽച്ചെന്നങ്ങാഗതനിരുന്നപ്പോൾ,

മിന്നുന്ന കഷണ്ടിയും കുടവസ്ഥിയുമായി
വന്നകന്നിരിക്കയായ്ത്തടിയൻ ഗൃഹനാഥൻ.

മുകളിൽത്തിരിയുന്ന വൈദ്യുതപങ്കക്കെഴും
നിഴലാ മണ്ടപ്പെരുംമരുവിൽച്ചുഴലുമ്പോൾ,

നിർമ്മലഹൃത്താരിന്റെ വികസദ്ദ്യുതി ലോക-
ശർമ്മദാത്ഭുതസൂക്ഷ്മശക്തിയാം പൂപ്പുഞ്ചിരി,

ഏന്തെന്നുപോലും ഗ്രഹിക്കാത്തൊരാ മുതലാളി-
യുന്തിയ കോന്ത്രൻപല്ലാലിളിച്ചു ചോദിക്കയായ്:—

“നിങ്ങളാരെവിടെനിന്നെന്തിനു വന്നു? നാട്ടിൻ
നന്മയ്ക്കായ്ക്കാരാഗൃഹം പൂകേണ്ട കൂട്ടത്തിലോ?

കാര്യങ്ങൾ ചുരുക്കത്തിൽ പറഞ്ഞാൽ കൊള്ളാം നൂറു
കാര്യസ്ഥരെന്നെക്കാത്തുനില്ക്കുന്നു കണക്കുമായ്.

കമ്പനിയെനിക്കിന്നൊരമ്പതല്ലവയുടെ
വമ്പിച്ച കണക്കുകളൊക്കെയുമോർമ്മിക്കേണം;

പോരെങ്കിൽപ്പണി മുടക്കീടുവാൻ പാവങ്ങളെ
പ്രേരിപ്പിച്ചീടും ഖദർധാരിയെ ജയിക്കേണം.”

ഇത്രയും കേൾക്കേ പ്രയത്നാർജ്ജിതമനശ്ശാന്തി-
യത്രയും വിട്ടാഗതനുരച്ചു വിവർണ്ണനായ്:—

പുറംപോലകത്താകാതിരിപ്പാനങ്ങേ മണ്ട-
യ്ക്കിടിച്ചു 'കണക്കു'ള്ളിൽച്ചേർത്തോൻ ഞാൻ സഹപാഠി.
ഉത്തരവാദിത്വങ്ങളേറ്റു നിൻ ശിരസ്സിതും
ഗാത്രവുമേറെപ്രായം തോന്നിക്കുമിന്നെങ്കിലും,
കണ്ടപ്പോളറിഞ്ഞു ഞാനെന്നെയോർക്കുന്നില്ലെന്നോ
പണ്ടേറെക്കളിച്ചൊപ്പം നടന്ന 'തങ്കപ്പ'നെ?

പെട്ടെന്നാധനാഢ്യൻറെ മുഖത്തത്ഭുതം ഭക്തി
തൊട്ടുള്ള വികാരങ്ങളോരോന്നായലതല്ലി.
നാട്യത്തിൻ മാറാലയെഞ്ഞങ്ങണമൂറിഞ്ഞെത്തും
ശൈശവസ്മരണതൻ നിസർഗ്ഗപ്രവാഹവും;
'ബട്ട'ണൊന്നമത്തിയാലെന്നപോലെണീററയാൾ
കാട്ടിയാ 'റോക്കിംഗ്ചെയ'റാഗതന്നിരിക്കുവാൻ.
തങ്കപ്പൻ! അഹോ! മമ ഭാവതന്ത്രികൾ മീട്ടും
തങ്കപ്പനങ്ങുന്നേതോ നാട്ടിലെന്നോർത്തേനിവൻ;
വിദ്യാർത്ഥിതിലകമാമങ്ങുന്നു കലാലയ-
വിദ്യതൻ ശൃംഗോപരിബിരുദം വാങ്ങിക്കയാൽ
ബ്രിട്ടീഷുസാമ്രാജ്യത്തേർ തെളിക്കും തേരാളിയായ്
നാട്ടിലേക്കഭിമാനമാകുമെന്നോർത്തേനിവൻ;
വില്ലയിട്ടകമ്പടി സേവിക്കും ശിപായിമാ-
രല്ലിലും പകലിലും കാത്തിടും 'ബംഗ്ലാ'വിൻറെ
പടിക്കലെത്തിക്കാണുമെൻപേരുള്ളൊരു കാർഡും
കൊടുത്തിട്ടങ്ങേക്കാണും രംഗവും സങ്കല്പിച്ചേൻ;

ഭോഗകട്ടെയതൊക്കെയുമിന്നങ്ങസ്സേല്ലാമെങ്കി-
ലേകിടാമോരായിരം ശമ്പളമെൻ കീഴിൽത്താൻ.

പുഞ്ചിരിതൂകിപ്പറഞ്ഞീടിനാനയാൾ, "തോഴ-
നെഞ്ചിത്തമറിഞ്ഞതില്ലോതിടാം ശ്രദ്ധിച്ചാലും:—

പണത്തിൻ തിളക്കങ്ങൾ സുഖത്തിൻ സ്മിതമായി-
ഗ്ഗണിച്ചോർക്കാർക്കും മനശ്ശാന്തിയുണ്ടായിട്ടില്ല.
സുഖദുഃഖങ്ങളനിർവ്വചനീയാകാരങ്ങൾ
ഹൃദയവികാസത്തിനൊത്തവ രൂപം മാറും;

ചക്രവാളത്തെത്തൊടാനോടുന്ന ബാലൻകണ-
ക്കിക്കാലമെല്ലാം സുഖമോരോന്നായ്ക്കണ്ടോടി ഞാൻ;

കേവലം മരീചികയാണതു കിട്ടിപ്പോയ
ഭാവമുണ്ടാക്കിക്കാണാം ദൂരെ നിന്നിളിപ്പതായ്;

കാർമ്മേഘപടലങ്ങൾ മൂടിയ വാനം കണ-
ക്കെന്മനം സന്ദേഹത്താൽ കലങ്ങിമറിയവേ,

നീരന്ധ്രഘനപാളിക്കിടയിൽക്കൂടി ദൂര-
ദൂരവേ മിന്നിക്കണ്ടേൻ ത്യാഗജീവിതോഡുക്കൾ;

ക്രിസ്തുവും മുഹമ്മതും ബുദ്ധനും സിദ്ധന്മാരും
നിസ്തുലത്യാഗങ്ങളിലാനന്ദമടഞ്ഞവർ;

ശാശ്വതാനന്ദമേവം കണ്ട നാൾതൊട്ടെൻ ബന്ധ-
പാശങ്ങളറുക്കാൻ ഞാനാവതും ശ്രമിക്കുമ്പോൾ,

ഭൂതജീവിതത്തിലെ വ്യാമോഹര…
ഭോഗവാസന പത്തി നിവർത്തി…

165358
38286
032:1N141:11
H9
MUL
165358

കാട്ടിലെത്തപം സ്വാതന്ത്ര്യമാണതിൽ ശാന്തി
കിട്ടിയാലപൂർണ്ണം താൻ നാട്ടിലെത്തിയാൽപോകും.

മാനസസ്വാതന്ത്ര്യത്തെ നേടേണ്ട ശിക്ഷാക്രമം
മാനവസമുദായോദ്ധാരണക്രമംതന്നെ;

മാതൃഭൂസ്വാതന്ത്ര്യത്തിൻ പ്രഭാതദ്യുതിപോലു-
മേലാത്ത തമസ്സാന്ദ്രഹൃദയാന്തരങ്ങളിൽ,

മനശ്ശാസ്ത്രത്തിൻ ചെറുകൈത്തിരിയേന്തിക്കട-
ന്നുണങ്ങാതെഴും വ്രണം കണ്ടെത്തി ചികിത്സിപ്പും,

വിജ്ഞാനഖദ്യോതങ്ങളാകിയ ന്യായാധിപ-
രജ്ഞരാം കൊലപ്പുള്ളിക്കാരെന്നു വിധിച്ചയാൽ,

ആരെല്ലാമിരുളാണ്ട ഹൃത്തിലാ തെററിൻബോധ-
ഭാരവുമായിത്താഴ്ത്തപ്പെട്ടന്ത്യ നൈരാശ്യത്തിൽ;

അവരെക്കരേററാൻ ഞാനപ്പിച്ച മജ്ജീവിത-
മത്തു നേടുവാൻ പണമേകണമെന്തെങ്കിലും.

കേവലം ധനാജ്ജനമൊന്നിനായിരുന്നെങ്കി-
ലാവതുണ്ടെനിക്കതു നേടുവാൻ പല മാർഗ്ഗം.

നമ്മളെച്ചവിട്ടുന്ന 'ബൂട്ട്സി'നെ നക്കിത്തോൽത്തി
നമ്മുടെ പണം സായ്പിൻ ഭിക്ഷയായ് വാങ്ങിടേണ്ട."

പിന്നെയാ രംഗം ശാന്തമായപ്പോളടുത്തുള്ള
ജന്നലിൽക്കൂടി നെടുവീർപ്പൊന്നു കേൾക്കായ്വന്നു.

കട്ടിടകൊണ്ടുദ്വേഗം പോയി നാമാദ്യം കണ്ട
മട്ടെഴും മുഖത്തോടെ പറഞ്ഞാൻ യന്ത്രാധിപൻ.

൭൨ ൯൬൭
൭൯൨൭൬

"നിങ്ങൾക്കെൻപണം വേണ്ട,മെങ്കിലും വിലയില്ല
ഞങ്ങളെപ്പോലുള്ളോരെ, തിരിഞ്ഞുനടന്നോളു."

ശാന്തനായെണീററയാൾ പോകവേ തിളങ്ങുന്നു-
ണ്ടന്തികജാലാന്തഭാഗത്തു രണ്ടാർദ്രാക്ഷികൾ.
അങ്കണത്തിങ്കൽ കാലു വെയ്ക്കവേ, മുന്നിൽ സ്വർണ്ണ-
കങ്കണം പതിയ്ക്കുന്നു കണക്കായ് മേളിൽനിന്നും;
വെട്ടെന്നു തിരിഞ്ഞയാളുന്മുഖം നോക്കീടവേ
മട്ടോലും മൊഴി കേട്ടു 'കാണിയ്ക്ക കൈക്കൊള്ളണം.'

## ൧൦. അമ്മയും മകളും

ബാലദിവാകരനൂഴിയെപ്പൊൻകര-
ജാലത്താൽ മന്ദം തലോടിടവേ,

അങ്ങൊരു മാന്യഗൃഹത്തിൻെറ മുററത്തൊ-
രഞ്ചു വയസ്സായ പെൺകൊടിയെ,

തന്മടിത്തട്ടിലിരുത്തി ഗൃഹേശ്വരി
ഉമ്മവെച്ചോരോന്നുരച്ചിരുന്നു.

അപ്പൊഴുതന്തികത്തപ്പനിനീർത്തോപ്പിൽ
ദൃഷ്ട്യാപമായൊരിടത്തു ചെമ്മേ,

ലോലസുരഭിയാം സൂനമൊന്നീക്ഷിച്ചാ-
ബ്ബാലിക ചാടിയെണീററു ചൊന്നാൾ:—

"എന്തൊരു ചന്തമാണപ്പനീർപ്പൂവെനി-
ക്കെത്തിപ്പറിച്ചമ്മ നൽകുകില്ലേ?"

"ഓമനേ! മുള്ളുകൾക്കുള്ളിലാ പുഷ്പത്തിൻ
കോമളാകാരത്തെസ്സൂക്ഷിക്കവേ,

എങ്ങനെ ലോകത്തിൻ കൈകൾക്കസ്സൌന്ദര്യ-
ഭംഗം വരുത്തുവാൻ സാധിക്കുന്നു?"

ഏവമുരയ്ക്കുന്ന മാതാവിൻ വക്ത്രത്തിൽ
ഭാവം പകർന്നവൾ നോക്കിച്ചൊന്നാൾ:—

---

1941 ആഗസ്റ്റിലെ 'മാപ്പിളറവ്യൂ'വിൽ പ്രസിദ്ധപ്പെടുത്തി.

“അമ്മതൻ കൈകളിൽ ചോരയൊലിപ്പിച്ചി-
ട്ടമ്മഞ്ജുസൂനമെനിക്കു വേണ്ട

എങ്കിലും പുഞ്ചിരി തൂകിക്കുതിക്കുന്നി-
തെങ്കലണയുവാനപ്രസൂനം;

ആവതല്ലാഞ്ഞതു കണ്ണുനീർ തൂകുന്നു
പാവം! അങ്ങോട്ടൊന്നു നോക്കുകമ്മേ.”

“വാസ്തവം കുഞ്ഞേ! യപ്പുഷ്പഹൃദയമി-
ന്നെത്ര കരളു കവർന്നീടിലും,

തെല്ലുമക്കോമളാകാരത്തിന്നില്ലെന്നായ്
ചൊല്ലെഴും സ്വാതന്ത്ര്യപ്പൊൽക്കിരീടം.”

“ഞാനെന്നാൽ സൌഭാഗ്യശാലിനിയേതൊരു
സ്ഥാനത്തും ചാടിക്കളിച്ചെത്തുന്നു;

അമ്മതന്നങ്കത്തിൽനിന്നെണീറ്റോടിയെ-
ന്നച്ഛൻെറ മാർത്തട്ടിലേറിടുന്നു;

‘അങ്ങേലേ മാധവ’നൊത്തു ഞാൻ നിത്യവു-
മെങ്ങെങ്ങുമോടിക്കളിച്ചീടുന്നു;

ഇത്തരം സ്വാതന്ത്ര്യലേശമപ്പുഷ്പത്തി-
നെത്തുമോ? കഷ്ടമതിൻെറ കാലം.”

അമ്മയെണീററല്പം കുമ്പിട്ടു കൈകളാൽ
കണ്മണി തൻ കവിൾത്തട്ടു രണ്ടും

മന്ദം തലോടിപ്പറഞ്ഞു “പൊന്നോമനേ!
നിന്നുടെ സ്വാതന്ത്ര്യബോധം കേമം!

നീയിപ്പോളോതിയ സ്വാതന്ത്ര്യമല്പമാ-
ണായതുതന്നെ നശിപ്പിക്കുവാൻ,
കോരകമായ നിൻ ചുററിലുമാചാര-
ഘോരമാം മുള്ളു പടരുകകായ്."

## ൫൫. മനോരാജ്യം

തരുലതകളാലിരുളടഞ്ഞുള്ള
കരകളോടെന്തോ പറഞ്ഞിടയ്ക്കിടെ,
നുരകളാൽ മൃദുസ്മിതവുമാൎന്നൊരാർ-
പ്പുഴയൊഴുകുന്നു പ്രഭാതവേളയിൽ.
അതിലലകളെ മുറിച്ചൊഴുക്കിനോ-
ടെതിരായിഗ്ഗമിച്ചിടുന്നു വഞ്ചികൾ.

നടപ്പന്നം നീക്കി യുവാവൊരാളൊന്നിൻ
പടിയിന്മേൽച്ചമ്പ്രംപടിഞ്ഞിരിക്കുന്നു.
തരംഗപാളിയിലരുണനും തീര-
തരുക്കളിൽപ്പല കിളിക്കിടാങ്ങളും,
നിറപ്പകിട്ടാലും കളസ്വനത്താലും
നിറയ്ക്കയായ് കണ്ണീരയാൾക്കു കൺകളിൽ.

മരതകപ്പച്ചക്കര മുറിച്ചെത്തും
ചെറുവഴിയായിപ്പുഴയിലേയ്ക്കതാ,
കരങ്ങളിലോരോ കുടവുമേന്തിക്കൊ-
ണ്ടൊരു യുവതിയാം ചെറുമിപ്പെണ്ണെത്തി;

---

1940 ഡിസമ്പർ 29-ാംനു-യിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തി.

കൊഴുത്തിരുണ്ടംഗപ്പൊരുത്തമേവമാ-
ന്റഴകെഴും*'മൈക്കൽ'പ്രതിമയുമില്ല.
സ്ഫുടം മുഖകാന്തിയവൾക്കു മെയ്ച്ചമർ
കടന്നെത്തുമാത്മപ്രദീപദീപ്തിയാം.
വളവളെ വെള്ളക്കുമിളകൾ പൊക്കി-
ജ്ജലമെടുത്തങ്ങു നിവന്നതിൻശേഷം,
ഹിമകണമണിത്തൃണം മെതിച്ചവൾ
ശ്രമജലമണിയണിഞ്ഞു പോകയായ്.

യുവാവയാൾക്കിളവെയിലണിമുഖം
വിവർണ്ണമായ് ഹൃത്തുമടിച്ചു വേഗത്തിൽ.
അടഞ്ഞു കണ്ണുകളുരസ്തടത്തിലാ-
യടക്കമോടിരുകരങ്ങളും കെട്ടി,
അകന്നകന്നങ്ങു മറഞ്ഞൊരാപ്പെണ്ണിൻ
മധുരരൂപമോർത്തുരച്ചിതസ്പഷ്ടം:—

"അരികിലുള്ളൊരു മരതകക്കുന്നിൻ
ചെരിവിലുററവരൊരുമിച്ചങ്ങനെ,
മരുവിടാം ചെററപ്പുരസ്സകത്തിവൾ
ചെറുമവർഗ്ഗത്തിന്നരിയറാണിയായ്.
പ്രഭാതഭാസ്സണിപ്രകൃതിതന്നുടെ
സുഭഗപുത്രിയാമിവളെ ഞാൻ വേട്ടാൽ,

* മൈക്കൾ ഏൻജലോ (1474-1563) വിശ്വവിശ്രുതനായ പ്രതിമാനിർമ്മാതാവും ചിത്രകാരനും.

സ്വകീയമാം ശുദ്ധഹൃദയപാനമെൻ
പ്രതിമയാൽ നിറഞ്ഞിടുമിവൾക്കെന്നും.
ചെറുകുടിൽ വിട്ടു മണിമേടയിലേ-
യ്ക്കുയർത്തിയ രാഗമഹത്ത്വമോർത്തിവൾ,
പുളകമാർന്നെൻെറ പദരജസ്സിങ്കൽ
ക്കളിയ്ക്കുമാറങ്ങു കിടന്നുരുണ്ടിടും.
കറുത്തുപോയെൻെറ മുഖം കുറച്ചെന്നാ-
ലിരുളടഞ്ഞിടുമിവൾക്കു ജീവിതം.
മമപഥമിവൾ സ്മിതനിലാവാലും
തണുപ്പിയ്ക്കും കണ്ണീർക്കണങ്ങളാലുമേ.
ഭുവനജീവിതസുഖമൂർച്ഛയാവാ-
മിവൾക്കെൻെറ രക്ഷസ്സുയിർ ത്യജിയ്ക്കലും."

*　　　*　　　*

'തട്ടക്കവി'നെന്ന നിലവിളി പെട്ടെ-
ന്നയാളുടെ ചിന്താഗതി മുറിയ്ക്കയായ്.
തിരിഞ്ഞുനോക്കിയപ്പൊഴുതു മാത്രമാ-
ണറിഞ്ഞതു വഞ്ചി കടവടുത്തതായ്.

കരയിൽക്കണ്ടതെന്തൊരു ക്രൂരൻ കാള
കുതിയ്ക്കുന്നു കുത്താനൊരു നായർസ്ത്രീയെ.
'പണിയിപ്പോൾക്കഴിഞ്ഞിടു'മെന്നു ദൂര-
ത്തൊളിച്ചുരയ്ക്കുന്നു സവർണ്ണരെല്ലാരും.
ബലിഷ്ഠകായനാമൊരു ചെറുമനാ-
വലിയ കാളയെ തടുത്തു നിർത്തിനാൻ.

ഇരുളിൽനിന്നുയൎന്നുയിരുമാദൾ-
പ്രഭയുമേകിയ തദീയസ്വപ്നം,
പുളകിതയാക്കി തരുണിയെ,ദ്ദൂര-
ത്തൊളിച്ചവർ "തീണ്ടീ, കുളിയ്ക്കണ"മെന്നായ്.

സമുന്നതാദൎശൻ യുവാവുരയ്ക്കയായ്:—
"തകൎന്നു വീണിതെൻ മനോരഥസൌധം."
കരള്ക്കറപ്പുള്ളിപ്പുലയനെ വിട്ട-
ച്ചെറുമിപ്പെണ്ണെന്നെ വരിപ്പതെങ്ങിനെ?
ധനവും വിദ്യയുമെനിയ്ക്കുണ്ടെങ്കിലും,
തനു വിറയ്ക്കുന്നു കരുത്തോലയ്ക്കൊപ്പം.
പുരുഷത്വത്തിൻെറ വിരിമാറിൽപ്പാറാ-
നചലതാമുട്ടമുണാളമാശിപ്പൂ.
അടിമത്തത്തിൻെറ പരിഷ്കാരം പിഴി-
ഞ്ഞെടുത്തു നമ്മുടെ പുരുഷത്വമെല്ലാം.

## ൧൨. മുഴമിച്ച

നീലിമ കോലുമൊരോമൽത്തടാകത്തിൻ
കൂലത്തിലന്നൊരു സായാഹ്നത്തിൽ,
വന്നിരുന്നീടുകയായ് വിദ്യാസമ്പന്ന-
രന്നാട്ടുകാരെല്ലാം കാററു കൊൾവാൻ.
അത്തവ്വിലണഞ്ഞൊരു ഗ്രാമീണപ്പൂക്കാരി-
യെത്തിപ്പരിമളശ്രേണി തൂകി.
നൈസർഗ്ഗികോജ്ജ്വലസൌഭാഗ്യവായ്പവൾ
ശീർഷത്തിലേന്തിയ പൂക്കൂടയാൽ,
പത്തു നൂറാവൃത്തിയേററിയിബ്ഭൂമിയെ
നിത്യപുളകിതയാക്കിയല്ലൊ.
സാക്ഷാൽ പ്രകൃതിയെക്കൂടിയുമാനന്ദ-
ദ്രാക്ഷാരസത്താലുന്മത്തയാക്കി,
പാടാൻ തുടങ്ങിയപ്പൂങ്കുയിൽവാണിയാൾ
പാടലച്ചുണ്ടു വിടർത്തു മന്ദം:—

"നിസ്തുലസൌന്ദര്യസാരമകരന്ദം
നിത്യം കിനിയുന്ന പുഷ്പജാലം;
മുല്ലയും പിച്ചകപ്പൂവും പനിനീരും
ലില്ലിയും വാങ്ങിയണിഞ്ഞീടുവിൻ!"

---

1115 ചിങ്ങത്തിലെ 'കൈരളി' മാസികയിൽ പ്രസിദ്ധപ്പെടുത്തി.

കാട്ടിലെ വല്ലീനികുഞ്ജത്തിൽനിന്നുമി-
ന്നാട്ടിലെക്കുന്നിൻ ചരിവിൽനിന്നും
പച്ചനെൽപ്പാടത്തിലോടുന്ന നീർച്ചാലിൽ
വാച്ചെഴും പാഴ്ച്ചെടിയിങ്കൽനിന്നും,
നീഹാരഹാരമണിഞ്ഞ സുരഭില-
മോഹനപുഷ്പമറുക്കുന്നു ഞാൻ."

"നിസ്തുലസൌന്ദര്യ..........
.............................................
.............................................
.........അണിഞ്ഞീടുവിൻ."

നിത്യമുഷസ്സിലുണന്നു ഞാൻ വേഗത്തി-
ലെത്തുന്നു നാനാചെടികൾതോറും.
പാതിവിടന്നാത്മകാന്തിയാൽപ്പാരിനെ-
പ്പാടെ കവരുന്ന പൂവുകളെ,
ഭൃംഗരാഗത്തിൻ ശ്രവണമാം പങ്കവും
തങ്കാതറുക്കുന്നു തങ്കഭാസ്സിൽ;
ചില്ലയിലാടുന്ന കോരകരാജിയും
പല്ലവത്തൊത്തുമെൻ കൃത്യം കാണ്കെ,
രക്തമയങ്ങളാം ബാഷ്പബിന്ദുക്കളെ
വീഴ്ത്തുന്നു ചെങ്കതിരോനെ നോക്കി."

"നിസ്തുലസൌന്ദര്യ..........
.............................................

.......................................................

.............. അണിഞ്ഞീടുവിൻ"

ഇത്തരമോരോന്നു പാടിയും താളത്തിൽ
കാൽത്തളിർവെച്ചും നടന്നീടുമ്പോൾ,
അച്ചടുലേക്ഷണയ്ക്കാ,ഗമിച്ചീടുന്നൊ-
രുജ്ജ്വലകോമളരൂപം കാണായ്;
ചിത്രകലാത്ഭുതസേവകനായെങ്ങും
കീൎത്തിപ്പൊലിമ പരത്തുമവൻ,
വമ്പനന്നാട്ടിൻ പ്രമാണിയ്ക്കഭിമാന-
സ്തംഭമാം നന്ദനനായിരുന്നു.

ഹാ! മാറി രംഗ,മരക്ഷണാലതന്വി-
യ്ക്കാനനവക്ത്രം തുടുത്തു ചെമ്മേ;
ഭാവം മറച്ചവൾ "പൂമാല്യം" "മാല്യ"മെ-
ന്നാഗതന്നായിട്ടെടുത്തു നീട്ടി.
സൌന്ദൎയ്യവീക്ഷകനീശ്വര ചിത്രത്തി-
ന്നന്ത്യപരിഷ്കാരദീപ്തി ചേൎപ്പാൻ,
പെട്ടെന്നവളുടെ കയ്യിൽനിന്നാമാല്യം
തട്ടിയെടുക്കുംപോൽ വാങ്ങി വേഗം,
അത്തന്വിതൻഗളസീമനി ചേൎത്തൊരെ-
ത്തൃപ്തനായ് നിന്നവൻ ചൊല്ലിയേവം:—
"ഈ ജീവച്ചിത്രത്തിൻ പൂൎത്തിവരുത്തി ഞാ-
നാജീവനാന്തം കൃതാൎത്ഥനായി."

—०००—

## ൧൩൨. ആത്മവഞ്ചനയ്ക്കൊരുങ്ങുമോ?

ഉന്നതബിരുദങ്ങൾ നേടിവന്നിട്ടും നാട്ടിൽ
നിന്നയാളുയർത്തുന്നു പൈതൃകവ്യവസായം;
വേതനം വെട്ടിച്ചോര കുടിച്ചാശപക്കന്നിൽ
വേതാളനൃത്തം ചെയ്യുമില്ലയാൾക്കലംഭാവം;
ഭൗതികപ്രതാപത്തിൻ ശൃംഗത്തിലെത്താൻ മത-
ഭ്രാന്തവേദിയിൽക്കെട്ടിപ്പൊക്കണം നേതൃത്വത്തെ.

ഒരു നാളുലാത്തുകയാണയാളയൽപ്പാട-
ത്തരുമക്കുഞ്ഞിൻ കയ്യും പിടിച്ചു സായാഹ്നത്തിൽ,
ഇരുഭാഗത്തും സാധുകർഷകത്തൊഴിലാളി-
നിരയുണ്ടുഴുതെങ്ങും പച്ചപ്പട്ടണിയുന്നു;
അഴലിൻ നിഴൽപ്പാടിലഴകിൻഗാനം പാടും
തൊഴിൽ നിർമ്മിക്കും പച്ചച്ചുഴലം കണ്ടില്ലയാൾ;
ഉയരാൻ പടുത്തോറും കാപട്യക്കോട്ടയ്ക്കുള്ള
പടവോരോന്നും കണ്ടുകണ്ടേവമോർത്തീടുന്നു.

സംസ്കാരപ്രവാഹത്തിലങ്ങിങ്ങായ്പ്പൊങ്ങും ദീപ-
സ്തംഭങ്ങളാവാം ലോകപ്രസിദ്ധമതമെല്ലാം;
മാനവഹൃദയത്തിൻ മൌലികഭാവങ്ങൾക്കു
ഭേദമില്ലല്ലോ തെല്ലും ദിക്കാലമാററങ്ങളാൽ;

---

1124 എടവത്തിലെ 'മംഗളോദയ'ത്തിൽ പ്രസിദ്ധപ്പെടുത്തി.

താദൃശഹൃദയത്തിൻ സംസ്കാരമുന്നും മത-
മേതുമുൾക്കൊള്ളും തത്വസംഹിതയൊന്നാകേണ്ടേ?

ഭിന്നശാസ്ത്രവുമൊരേ രോഗത്തിന്നൊരേ വീര്യം
ചേർന്നഭേഷജമേകും; രൂപവർണ്ണങ്ങൾ മാറാം.

വെളിച്ചം കൊളുത്തിയ വ്യക്തികൾ മറയുമ്പോൾ
തെളിച്ചം പുരോഹിതമാറാല മറയ്ക്കയാം;

പിന്നെയപ്രവാഹത്തിൻ ഗതി കാണാത്തോരെല്ലാം
ചിന്നിപ്പോം ഖദ്യോതത്തിൻ പിന്നാലെ നടക്കുന്നു.

ഉജ്ജ്വലപ്രകാശത്തിലൊന്നാകെ ദർശിക്കാഞ്ഞി-
ട്ടിജ്ജളക്കവർ മാത്രം നേർവഴി നടപ്പോരായ്;

തീരത്തിൽത്തലയാട്ടിത്തൃണമാനദിമാത്രം
നേരെയെന്നോക്കും; ഗിരി ദൂരെയക്കടൽ കാണും;

ശരിയാണിതെങ്കിലുമറിവില്ലാത്തോർക്കോരോ
മറയും ഭിന്നങ്ങളാമറയായ്ക്കാട്ടീടേണം;

നേതൃത്വമേല്ക്കാൻ വേണ്ടതെത്രയാണത്രയ്ക്കെണ്ണം
സോദരന്മാരെ പഠിച്ചുള്ളവൻ മതക്കൂട്ടിൽ;

ത്യാഗമില്ലാതെ തുംഗസ്ഥാനത്തിലെത്താനത്തു
പാകമാണസ്ഥത്വത്തെ ദൂഷണം ചെയ്തീടുകിൽ."

ഇത്ഥമോർത്തയാൾ നടന്നീടുമ്പോളൊരു കാള
കുത്തുവാനോങ്ങിത്തന്റെ കുട്ടിയെ മറിച്ചിട്ടു.
നടുന്ന കാളിക്കുട്ടി "ഈശ്വരാ? ചതിച്ചേ"ന്നാ-
ഞ്ഞടുത്തപ്പോഴേ "സ്ലീശോ!"വെന്നെത്തി റോസമ്മയും

“അള്ളോ!”വെന്നോടിക്കൂട്ടംപൊത്തുമ്മയെപ്പോൽ പൊററ
തള്ളതൻ കനിവയാററം കണ്ടു മൂന്നാററാക്കം തുല്ല്യം.
പററിയില്ലൊന്നും പൊന്നുകുട്ടനെന്നോതിപ്പൊടി
പററിയതെല്ലാം തട്ടിക്കട്ടിയെ ചിരിപ്പിച്ചാർ.

കണ്ണിണ നനഞ്ഞതയാളുന്നത ചിന്താതലം
തന്നിലാണിന്ന് “യാത്രമവുഞ്ചനയ്യോരുങ്ങുമോ?”

# ൪൮. ആ അനക്ഷരഗീതം

പാരം വിശാലമായെൻ ചുററും പച്ചനെൽ-
പ്പാടം പരന്നു കിടന്നിടവേ,
ആയതിൻ നാലു ദിശ്ഭാഗത്തും നീലാഭ-
മായേറെപ്പർവ്വതപംക്തി ദൂരെ,
മ്ലാനമാം ചക്രവാളങ്ങൾക്കെതിരിലായ്
സാനുക്കൾ കാട്ടി വിളങ്ങീടവേ,
ചെററതിൻ മുന്നിലായ് ചുററുമേ മാമര-
ക്കൂട്ടം തഴച്ചിരുളാർന്നു നില്ക്കേ;
ചേറുമൊട്ടൊട്ടു ജലവുമാർന്നങ്ങിങ്ങായ്-
ത്തീരെ‘പ്പണിയാത്ത’ കണ്ടങ്ങളാൽ
നല്ലാളുമപ്പച്ചപ്പട്ടുവിരിപ്പിട-
ക്കല്പാല്പം കീറിപ്പൊളിഞ്ഞു കാൺകേ,
തീരങ്ങൾതോറുമുൾച്ചാഞ്ഞ നീർക്കൈതകൾ
തട്ടിയൊഴുകുന്ന കൈത്തോടുകൾ,
നീളവേ കൊച്ചലച്ചാർത്തണിഞ്ഞപ്പട്ടിൻ
നീരാളരേഖകളായീടവേ,
ചിന്നിച്ചിതറിയ കാർമ്മേഘമാലയാൽ
സന്നാഭമായ് വാനത്തട്ടു കാൺകേ,

---

1934 സെപ്ററംബറിലെ ‘സെന്തോമാസ് കോളേജ് മാസിക’യിൽ പ്രസിദ്ധപ്പെടുത്തി.

'കീകീ' ചിലച്ചങ്ങിങ്ങായിത്തൻ കൂട്ടുകൾ
നോക്കിക്കിളികൾ പറന്നീടവേ,
കർണ്ണകഠോരമായാത്യന്തഹീനമാം
വർണ്ണം ചീവീടു കരഞ്ഞീടവേ,
പാടത്തിലങ്ങൊരു പുൽത്തിണ്ടിൽ ഞാൻ മന്ദം
പാടിയിരിയ്ക്കുകയായിരുന്നു.

അപ്പൊഴുതെങ്ങാനിന്നക്കാലിപ്പിള്ളർത-
ന്നല്ലലറിയാത്ത ഹൃത്തിൽനിന്നും,
സ്വച്ഛയായങ്ങുയർന്നുള്ളൊരനക്ഷര-
സ്വാതന്ത്ര്യഗീതത്തിൻ മാറ്റൊലികൾ,
കർണ്ണത്തിലൂടെ കരളിൽ കടന്നപ്പോ-
ളൂർണ്ണിയായ് ബ്ഭാവേന്ദ്രജാലത്താൽ ഞാൻ.
ബാല്യത്തിലന്നനദ്ധ്യായദിവസങ്ങൾ
സോല്ലാസം പോക്കുവതിന്നുവേണ്ടി
അമ്മയോടൊത്തു ഞാനക്കാളവണ്ടിയി-
ലെന്മാതുലന്റെ ഗൃഹത്തിലേയ്ക്കായ്,
പോകുമ്പോളങ്ങൊരു പാടത്തിൽ വെച്ചിതു
പോലവേ കേട്ടാതമാവേററുപാട്ടം
ഗ്രാമ്യഗാനത്തിൻ തുടർച്ചയോ കേൾക്കുന്നി-
തമ്മധുരാലാപവ്യാജത്തിനാൽ?
അന്നേതു നിർദ്ദോഷാനന്ദവികാരങ്ങ-
ളെന്നിലഗ്ഗാനമുത്തേജിപ്പിച്ചു,

ആ വികാരങ്ങൾ പുനരുദിച്ചെന്മന-
മാവോളം ശൈശവലോലമായി.

മുത്തേകുമന്നത്തെ ലീലാസഹസ്രവു-
മെത്തിയെൻ പൂർവ്വസ്മരണകളിൽ.

പുല്ലുതിന്നീടുന്ന നാല്ക്കാലിക്കൂട്ടമാം
പുള്ളികൾ വീണതിദൂരെക്കാണും

കുന്നുകളോരോന്നായ് മാതുലനന്ദന-
നൊന്നിച്ചു കേറിയിറങ്ങീടലും,

അന്തിച്ചുവപ്പണിദിങ്മുഖമേറുമാ-
നന്ദസന്ദായകമാവുംവണ്ണം

സ്വാന്തങ്ങളിൽ പ്രതിബിംബിച്ച നിർമ്മല-
ശാന്തതടാകങ്ങൾ നോക്കീടലും,

സന്ധ്യയ്ക്കു പൂർവ്വദിഗ്ഭാഗത്തുയന്നീടും
സുന്ദരവർണ്ണപ്പകിട്ടോലുന്ന

'നൽപ്പഞ്ഞിക്കെട്ടുകളേറാൻ കഴിഞ്ഞോ'ലെ-
ന്നപ്പിഞ്ചുവക്ത്രംതുറന്നീടലും,

ചുററിപ്പടന്നുള്ളൊരക്കാട്ടുവള്ളികൾ
തട്ടിയൊഴുകുമരുവികളെ

കെട്ടിനിറുത്തലും, തീരത്തിൽനിന്നോണ-
ത്തൊട്ടിനിറയേപ്പൂപിച്ചീടലും,

വീട്ടിൽവന്നെത്തിയൊളിച്ചു കളിസ്കൂലു,-
മാററിൽപ്പോയ് നീന്തിക്കളിച്ചീടലും,

ഓരോന്നായോൎമ്മയിൽ വന്നൊന്നൊത്തന്നെ ഞാൻ
തീരെമറന്നുപോയൊട്ടു നേരം.

ബന്ധുരബാല്യസ്മരണകളേതേതു
സുന്ദരവസ്തുവെച്ചുററി നില്പൂ,
നിൎണ്ണയമാവസ്തുവൊക്കെയുമക്കൃ-
ഭണ്ഡാരങ്ങൾക്കെന്നും താക്കോലാവും.

# ൨൬. അന്ത്യരംഗം

സന്ധ്യയായ് നേരമിരുൾപ്പടപ്പിൽനിന്നു തല
പൊന്തിപ്പാനരുതാത്ത ഗേഹമൊന്നതാ കാണ്മൂ.
അങ്ങതിൻമുറികളിലൊന്നിലുണ്ടൊരു ദീപം,
മങ്ങിയ വെളിച്ചത്താലുള്ളിലെക്കഥ ചൊൽവൂ!
കട്ടിലിലൊരേടത്തു രോഗിയായ് കിടക്കുന്നു,
വീട്ടിന്റെ നടുത്തൂണാം പൂരുഷനേകൻ ഹാ! ഹാ!
ഓരോരോ ശുശ്രൂഷകൾ ചെയ്തരികത്തായ് നിജ-
ഭാര്യയുണ്ടിരിക്കുന്നു വാടിയ മുഖവുമായ്.

വിളർത്തകപോലങ്ങളാരക്തമായിച്ചെറു-
തിളകിപ്രകാശിച്ചു കൺകളാ രോഗിക്കപ്പോൾ.
ഗൽഗദംപൂണ്ടുരച്ചാൻ "പ്രേയസി, പിരിഞ്ഞു ഞാൻ
പോകയാണനാദ്യന്തജ്യോതിസ്സിലെത്തിച്ചേരാൻ.
ആയതിലാനന്ദത്തെക്കാണുവാൻ പഠിപ്പിച്ചു,
ജീവിത,മെനിക്കെന്നാൽ ഖേദമുണ്ടൊന്നിൽമാത്രം.
കേവലം സ്ത്രീയാം നീയും നിന്നിൽനിന്നടുത്തൊരു
ഭാവിയിൽജ്ജനിച്ചീടും പ്രണയക്കരുന്നതും,
കൂരിരുൾക്കുളത്തിൽക്കണ്ണുകാണാതെ കുഴയുമ്പോ-
ളാരൊരാളനുഭാവംകൊണ്ടു നേർവഴി കാട്ടും?"

---

14-4-40-ാം നു-യിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തി.

വാക്കുകളേവമുരച്ചുമ്പൊഴുതൊഴുകുന്നോ-
രക്കണ്ണീർത്തുടച്ചവൾ സാന്ത്വനവചസ്സോതി:—

"പ്രാണേശ! കരയാല്ല താവകാഭിലാഷങ്ങൾ
കാണിയും കുറയ്ക്കാതങ്ങീശ്വരൻ സാധിപ്പിക്കും.

കാഞ്ചനമാകുമങ്ങേ നിത്യസാമീപ്യംമൂലം
കാരിരുമ്പിവളിലും മാററമുണ്ടാകാമല്പം.

ഇപ്പൈതലിതിഹാസപ്രസിദ്ധം ഫോണി* പ്പക്ഷി-
യ്യൊപ്പമായ് പിറക്കാനാണീശ്വരവിധിയെന്നായ്;

ഗർഭസ്ഥമാകുമിതിന്നാത്മാവിൽപ്പതിയട്ടെ,
നിർഭരശോകദമീരംഗത്തിൻ കരിന്നിഴൽ.

ലോകത്തിൻ പുഞ്ചിരിപ്പാലല്ലിതിൻ സ്തന്യം ശോക-
മൂകത്വമൊഴിക്കുന്ന കൈപ്പെഴും പാനീയമാം.

ഭോഗത്തിൻ മൃദുലമാം മെത്തയല്ലേതോ സ്വേദ-
ശീകരമണിഞ്ഞുള്ള പാറയാണിതിൻതല്പം.

മേദിനീസാമ്രാജ്യത്തിൻ വാഴ്ചയല്ലിതിൻ നേട്ടം,
മാനസസാമ്രാജ്യപ്പൊൽത്താരണിക്കിരീടമാം.

---

* *Phoenix* ഈജിപ്റ്റിലെ ഇതിഹാസങ്ങൾ ഈ പക്ഷിയുടെ അപദാനങ്ങളെ ഉൽഘോഷിക്കുന്നു. വളരെ വലുതെന്നാലും കോമളാംഗനായ ഈ പക്ഷി ലോകത്തിൽ ഒന്നേ ഉള്ളു എന്നാണു് വിശ്വാസം. അതു് അഞ്ഞൂറോ അറുനൂറോ കൊല്ലങ്ങളോളം വനാന്തരങ്ങളിൽ ജീവിച്ചശേഷം സ്വയം നിർമ്മിച്ച ചിതയിൽ ചാടി ദഹിക്കുകയും ആ വെണ്ണീറിൽനിന്നു നവ്യമായ ഒരു ജന്മവും യുവത്വവും കൈക്കൊണ്ടു ജീവിക്കുകയും ചെയ്യുന്നുവത്രെ.

നാഥ! ഇക്കിടാവാണോ പെണ്ണോതാനായീടിലും
മാതൃശിക്ഷണം സച്ചിദാനന്ദോന്മുഖമാകും.”

കാന്തതൻ വചോമൃതം ക്ലാന്തനാ രോഗിക്കേറം
ശാന്തിയും മുഖത്തൊരു കാന്തിയുമഹോ ചേർത്തു.

ദീപ്തമാമക്ഷികളും വാടിയ ചുണ്ടുകളു-
മസ്പഷ്ടമേവമാത്മസന്ദേശമറിയിച്ചു:-

“മംഗളം നാഥേ! ഭവദാദർശമൂർത്തിയായി-
ട്ടാഗമിക്കുയായ് ഞാനീപ്പൈതലിൻ രൂപത്തിങ്കൽ.”

* * *

കെട്ടുപോയ് ദീപ,മകത്ത,ർക്കേന്ദു മറഞ്ഞുപോയ്,
പെട്ടെന്നാ കാലൻകോഴി ക്രൂരമനോടെന്തോ മൂളി.

## ൫൬. വസന്താരംഭത്തിൽ

അന്നു ഞാനെൻഗൃഹോദ്യാനനികുഞ്ജത്തിൽ-
ച്ചെന്നിരുന്നീടുകയായിരുന്നു;
അപ്പൊഴതായിരം പൈങ്കിളിപ്പാട്ടുക-
ളൊപ്പമിടകലർന്നെത്തുകയായ്;
സന്തപ്തചിന്തയെ മാടിവിളിയ്ക്കുന്ന
സന്തുഷ്ടഭാവത്താലാവിഷ്ടൻ ഞാൻ.

തന്നുടെ മോഹനസാമ്രാജ്യത്തിങ്കലെ-
സ്സുന്ദരവസ്തുനിവഹത്തോടായ്,
ചേർത്തിണക്കീടുകയാണപ്രകൃതിയെൻ
ഗാത്രത്തിൽ വർത്തിക്കുമാത്മാവിനെ:
എന്നാ'ലെന്താക്കിപ്പോയ് മർത്ത്യന്മാർ മർത്ത്യരെ'-
യെന്നഴൽപൂണ്ടിതെന്നന്തരംഗം.

അങ്ങപ്പനീർച്ചെടിപ്പൊന്തയിലൂടവേ
പൊങ്ങിനിന്നാടിപ്പൂമല്ലവല്ലി;
നിശ്ചയ,മമ്മലരാനന്ദംകൊള്ളുന്നു-
ണ്ടല്പമാം വായുവേററാടി നില്ക്കേ.

ചുററിലും പൂന്തളിർച്ചില്ലകൾ തോറുമേ
തത്തിച്ചിലയ്ക്കുന്ന പൂങ്കിളികൾ,

---

1120 തുലാം 20-ാംനു-യിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിലും 'വെണ്മണി ശതാബ്ദാഘോഷപ്പതിപ്പി'ലും പ്രസിദ്ധപ്പെടുത്തി.

അപ്രമേയാത്ഥമാമെന്തോ കഥിയ്ക്കയാ-
ണിപ്പിഞ്ചു ബുദ്ധികൊണ്ടെന്തളക്കാം?
ഓരോ ചലനവും കൊണ്ടക്കിളികളു-
ത്താരിലാനന്ദത്തുടിപ്പു ചേപ്പു.

തൈത്തെന്നാലേല്ക്കുവാൻ പൂവണിച്ചില്ലകൾ
നൽത്താലവൃന്തമായ് നീട്ടി വൃക്ഷം;
ആയതിലാനന്ദം കാണാതിരിയ്ക്കയി-
ല്ലാമരക്കൂട്ടങ്ങളോരോന്നുമേ.
ഇന്നേവമുള്ളൊരെൻ വിശ്വാസം സ്വർഗ്ഗീയ-
സന്ദേശമായിക്കൂടായ്കയില്ല;
എന്നുമല്ലൊക്കയുമപ്രകൃതീശ്വരി
തന്നുടെ ദിവ്യനിയമമാകാം;
അങ്ങനെയാണെങ്കിൽ 'മത്ത്യരെ മത്ത്യന്മാ-
രെന്താക്കി'യെന്നാടൽപ്പെട്ടീടേണ്ടേ?

വേർഡ്സ്‌വത്ത് മഹാകവിയുടെ "Written in Early Spring" എന്ന ഖണ്ഡകവിതയുടെ സ്വതന്ത്രവിവർത്തനം.

## ൧൦. ജാനുവിന്റെ സ്നാനം

അന്നുഷഃകാലത്തമ്മയോടൊത്തു
വന്നു ജാനുവും നീരാടാൻ;

പച്ചപ്പുല്ലണിക്കുന്നിൻ സാനുവി-
ലച്ഛനീലമാം വാപിയിൽ.

മുട്ടിനാഴത്തിൽ നിർത്തിയിട്ടമ്മ
കുട്ടിയോടേവമോതിനാൾ:—

"പോരരുതങ്ങിരു'ന്നമ്മു'വാരി
കോരി നീരാടിക്കൊണ്ടാലും.

അമ്മ തെല്ലൊന്നിറങ്ങി മുങ്ങിയി-
'ട്ടമ്മു'വേ വന്നു തോർത്തിടാം."

പൂർവ്വദിങ്മുഖം നോക്കിത്തുള്ളുന്ന
ജാനുവിൻ കൺകളാർദ്രമായ്,

അപ്പിഞ്ചുനിർമ്മലാത്മാവോ ദിവ്യ-
ദീപ്രമായ് ഗാനലോലമായ്;

തന്നത്താൻ മറന്നുത്തരളമാം
ശബ്ദത്തിൽ പദം ചൊല്ലിനാൾ:—

"പ്രാചീനേപഥ്യം തന്നിൽനിന്നെത്തി
നോക്കുന്നു ബാലഭാസ്കരൻ;

---

1944 സെപ്തംബറിലെ 'മാപ്പിളറിവ്യൂ'വിൽ പ്രസിദ്ധപ്പെടുത്തി.

അല്ലങ്ങു ഭീമമേഘമന്നാണ്യമൊ-
ന്നല്ലിന്നലയിലൂതുന്നു.
തെററിപ്പോയ് പൂരമാണങ്ങാനകൾ
നെററിപ്പട്ടമായ് നില്ക്കുന്നു.
‘ഏടത്തി’തൻെറ പട്ടുടയാട-
യ്ക്കാടലേററുന്ന പാടമേ!
പൊന്നൊളിയാൎന്ന കൊച്ചലവികൾ
പൊൻകസവിട്ടുകൊള്ളുമ്പോൾ,
സ്വച്ഛമാം പുലർവ്വെന്തെന്നൽ നിന്നിൽ
കൊച്ചലച്ചാൎത്തു ചേൎക്കുമ്പോൾ,
‘കല്യാണപ്പെണ്ണി’ൻ നീരാളപ്പട്ടി-
ന്നല്ലലേററിയതില്ലേ നീ?
നീലവാനമാം പൊയ്കയിൽ ദേവ-
ബാലരപ്പൂവറുത്തപോൽ,
ഞാനീവാപിയിൽക്കാണും കൈരവ-
സൂനങ്ങൾക്കുള്ളനമേകില്ല.”

പെട്ടെന്നു പാട്ടു നിൎത്തിയാക്കുട്ടി
ദൃഷ്ടിയോടിച്ചിതാമ്പലിൽ.
നിൎമ്മലമാകുമമ്മലൎക്കുള്ളിൽ
കന്മഷം ചേൎക്കാനെന്നപോൽ,
വന്നണഞ്ഞൊരു വണ്ടിനെത്തട്ടാൻ
മുന്നോട്ടു പാഞ്ഞിതത്തയ്യൽ.

*　　　*　　　*

ക്ലരിരുളാഞ്ഞുകേറിയ കണ്ണാൽ
മാതാവു കണ്ടു ബുൽബുദം.

*　　　*　　　*

കാലമൊട്ടേറെ ചെന്നതിൻശേഷം
കാലിമേയ്ക്കുന്ന ബാലന്മാർ,

വാപിതൻ തീരത്തെത്തി മേനിയിൽ
വേപമാന്നേവമോതി പോൽ:—

“ജ്ഞാന നിന്നതായ് നമ്മൾക്കമ്മമാർ
കാണിച്ച ദിക്കിലങ്ങതാ,

വിസ്തൃതാകാരമാന്റൊരാമ്പൽപ്പൂ
വാടാതെ നില്പുണ്ടാടാതെ.

നമ്മൾ പൊട്ടിപ്പാൻ ചെന്നാലപ്പുഷ്പം
നീങ്ങുമെന്നമ്മ ചൊല്ലുന്നു.

ഏകയായ് ശോകമൂകയായ് സന്ധ്യ-
യ്ക്കാഗതയായി നിത്യവും,

ഇമ്മലരേതോ വൃദ്ധയോഗിനി
ചുംബിച്ചു പോകാറുണ്ടുപോൽ.”

# ൧൮. ശോഭിയ്ക്കും നിത്യതയിൽ

എന്തിനിജ്ജീവിത,മൊട്ടുനാൾ സന്തോഷ-
സന്താപപൂരത്തിലാറാടാനോ?

ആനന്ദജന്യമാം പുഞ്ചിരിപ്പൈമ്പാല-
പ്പീനദുഃഖാഗ്നിയിലപ്പപ്പോഴായ്,

കാച്ചിക്കടഞ്ഞെടുത്തീടുന്ന വെണ്ണ—യി-
മ്മാനുഷജീവിതസത്തയൊന്നു,—

മന്നിലിജ്ജീവിതസൌഖ്യമാം മിന്നലാ-
ന്റൊന്നാളും വന്നണഞ്ഞീടുകയും,

ഉൾത്തിങ്ങുമാജ്യമൊഴിയുമ്പോളായതിൻ
പൊൽത്തിരിയങ്ങു പൊലിയുകയും,

പിന്നെയിതജ്ഞാതതാമസപിണ്ഡമായ്
ശൂന്യതയിങ്കൽ മറയുകയും,

ചെയ്വതെന്തിപ്പരിണാമങ്ങളൊക്കെയും
സ്വേച്ഛയാ വന്നു ചേർന്നീടുന്നതോ?

സുപ്രഭാതത്തിലെ വെണ്മേഘശയ്യയിൽ
സ്വൈരം കിടക്കുമിസ്സത്ത തന്നെ,

പിന്തിരിഞ്ഞീക്ഷിച്ചീടുമ്പോഴാക്കാർമേഘ-
പ്പാഴ്ക്കരിങ്കല്ലിന്മേലായിക്കാണ്മു,

---

7-1-1935-ാംനു-യിലെ മാതൃഭൂമി ആഴ്ചപ്പതിപ്പു തൊട്ടു മൂന്നു പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധപ്പെടുത്തി.

എന്നാലുമിച്ചെറുസത്തയാം നീർപ്പോള
തന്നിൽ നിഴലിച്ചിടാത്തതായോ,

കൂട്ടതിന്നാജ്ഞയ്ക്കൊത്തുങ്ങാത്തതായുള്ള
മട്ടിലോ, കാണില്ല വിശ്വമേതും.

ഇത്ഥം നാമോർക്കുമ്പോളിശ്ശക്തിഗർഭമാം
സത്താസ്ഫുലിംഗം കെടുത്തീടുവാൻ

യാതൊരു ശൂന്യതാധ്വാന്തവും ശക്തമ-
ല്ലായതു ശോഭിക്കും നിത്യതയിൽ.

165358
38286
032:1N141:11
H9
UNIVERSITY LIBRARY
- 7 APR 1956
MADRAS

# ശുദ്ധിപത്രം

| പേജ്. | മുകളിൽനിന്ന് | അബദ്ധം | സുബദ്ധം |
|---|---|---|---|
| iii. | 4-ാംവരി | സാരൂപ്യങ്ങളോടുകൂടി | സാരൂപ്യവൈരൂപ്യങ്ങളോടുകൂടി |
| v. | 6-ാംവരി | ഭാവഭദ്രതയോടും ഒത്തിണങ്ങി | ഭാവഭദ്രതയോടും രൂപഭദ്രതയോടും ഒത്തിണങ്ങി |
| vii. | 17-ാംവരി | താങ്കളുടെ കവിതകൾ വായിക്കുമ്പോൾ | താങ്കളുടെ ചില കവിതകൾ വായിക്കുമ്പോൾ |
| xii. | 20-ാംവരി | ആലോചിച്ചുറച്ച് | ആലോചിച്ചുറച്ച |
| xiii. | 26-ാംവരി | ഒട്ടാകെ | ഒട്ടൊക്കെ |
| xv. | 21-ാംവരി | ഫനിക്ക് | എനിക്ക് |
| 13. | 6-ാംവരി | സലീനം | നിലീനം |
| 26. | ഫുട്ട്നോട്ട് | Redio | Radio |
| 42. | 10-ാംവരി | പച്ചപ്പട്ടണിയുന്നു | പച്ചപ്പട്ടണിയിപ്പു |

MUL
165358

M/s. Kannammal Binding Works,
NO. 7, NEHRU STREET,
CHOOLAIMEDU, MADRAS-24.